ERNAKULAM-ANGAMALY ARCHDIOCESAN BULLETIN

# എറണാകുളം മിസ്സം

ARCHDIOCESE
ERNAKULAM - ANGAMALY



Vol. 59
Issue. 11
NOVEMBER 2016



www.ernakulamarchdiocese.org




# 'കരുണയായ് സാക്ഷ്യമേകാൻ'

## എറണാകുളം - അങ്കമാലി അതിരൂപത

## 2015 ഡിസംബർ 8 - 2016 നവംബർ 20

"കാരുണ്യമെന്ന രഹസ്യത്തെക്കുറിച്ച് നാം നിരന്തരം ധ്യാനിക്കണം. അത് സന്തോഷത്തിന്റെയും പ്രശാന്തതയുടെയും സമാധാനത്തിന്റെയും ഉറവിടമാണ്. നമ്മുടെ രക്ഷ അതിനെ ആശ്രയിച്ചിരിക്കുന്നു. കാരുണ്യം എന്ന പദം പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ വെളിപ്പെടുത്തുന്നു. ദൈവം നമ്മെ സന്ദർശിക്കുകയെന്ന ആത്യന്തികവും പരമവുമായ പ്രവൃത്തിയാണ് കാരുണ്യം. ജീവിതപഥത്തിൽ സഹോദരീസഹോദരന്മാരുടെ കണ്ണുകളിലേക്ക് ആത്മാർത്ഥതയോടെ നോക്കുന്ന ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ നിവസിക്കുന്ന മൗലിക നിയമമാണ് കരുണ. ദൈവമനുഷ്യബന്ധത്തിന്റെ പാലമാണ് കരുണ. നമ്മൾ പാപികളാണെങ്കിലും എന്നേക്കും സ്നേഹിക്കപ്പെടുന്നുവെന്ന പ്രത്യാശയിലേക്ക് നമ്മുടെ ഹൃദയങ്ങളെ തുറക്കുന്ന ഒന്നാണത്."

ഫ്രാൻസിസ് മാർപാപ്പ

*(മിസെരികോർദിയെ വുൾത്തുസ്, 2)*

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN

# എറണാകുളം മിസ്സം

## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ബൈബിൾ ഞായർ |
| 12. | കാരുണ്യവർഷ ചിന്തകൾ (12) |
| 14. | പിതാക്കന്മാരുടെ ശുശ്രൂഷകൾ |
| 18. | കച്ചേരിക്കാര്യം |
| 27. | അജപാലനസമിതി റിപ്പോർട്ട് (7) |
| 33. | നിവേദിത, ചുണങ്ങംവേലി |
| 34. | സുബോധന, അങ്കമാലി |
| 35. | നിര്യാതരായി |
| 37. | വാർത്തകളും വിശേഷങ്ങളും |
| 38. | വൊക്കേഷൻ പ്രൊമോഷൻ |
| 39. | മതബോധന ഡിപ്പാർട്ടുമെന്റ് |
| 44. | ഫാമിലി അപ്പസ്തോലേറ്റ് |
| 47. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 51. | നൈപുണ്യ ഇന്റർനാഷണൽ |
| 53. | കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി |
| 57. | അതിരൂപതാ കെ.സി.വൈ.എം. |
| 60. | അതിരൂപതാ കെ.സി.എസ്.എൽ. |
| 62. | അതിരൂപതാ ഡയറി |



**Editor: Rev. Fr. Jose Pollayil**

Volume : **59**
Issue No. : **11**
Month : **November 2016**

**Office:**
Archdiocesan Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

---

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| *Msgr. Panjikaren Joseph, Uzhuva* | *1888* | *1918* | *04.11.1949* |
| Fr. Chathaparambil Antony, Kunnumpuram | 1920 | 1955 | 04.11.2010 |
| Fr. Payyappilly Mathai, Konthuruthy | 1883 | 1909 | 06.11.1939 |
| Fr. Kuzhiparambil George, | 1937 | 1964 | 08.11.2007 |
| Fr. Paravara Peter, Thripoonithura | 1909 | 1936 | 10.11.1983 |
| Fr. Annassery George, Vaikom | 1913 | 1940 | 11.11.2003 |
| Fr. Cholenkary Gheevarghese, Vadayar | 1902 | 1933 | 11.11.1942 |
| Fr. Vithayathil Joseph (P), Puthenpally | 1904 | 1933 | 12.11.1991 |
| Fr. Koluvan Payyappilly George, Thuravoor | 1884 | 1913 | 13.11.1966 |
| Fr. Puthussery Paulose, Puthenpally | 1851 | 1875 | 14.11.1930 |
| Fr. Manavalan Paulose, Kuthiathode (E) | 1859 | 1889 | 14.11.1939 |
| Fr. Nalpat Sebastian, Koratty | 1909 | 1935 | 14.11.1985 |
| Fr. Payyappilly John, Akaparambu | 1916 | 1943 | 14.11.1992 |
| Fr. Menachery Joseph, Narakal | 1857 | 1887 | 15.11.1943 |
| Fr. Kallarackal Paulose, Vallom | --- | --- | 16.11.1867 |
| Fr. Chakiath Paul, Karukutty | 1929 | 1955 | 18.11.2005 |
| Fr. Kareemadom Joseph, Vadayar | 1940 | 1963 | 18.11.2015 |
| Fr. Puduchery Antony, Edad | 1922 | 1945 | 22.11.1977 |
| Fr. Panjikaran Kuruvilla, Muttom | 1900 | 1928 | 22.11.1978 |
| Fr. Thaliath V. Thomas, Puthenpally | 1890 | 1918 | 25.11.1945 |
| Fr. Chakiath Stanislaus, Thundathumkadavu | --- | --- | 25.11.1925 |
| Fr. Valamangalam Joseph, Kothavara | 1903 | 1932 | 26.11.1963 |
| Fr. Eravimangalam Alexander, Thaikkattussery | 1925 | 1952 | 27.11.2008 |
| *Msgr. Karedan Abraham, Muringoor* | *1929* | *1956* | *28.11.2004* |

Ref: 2992/K-5/KCBC/OL/DS 19-10-2016

# ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഡിസംബർ 18 ഞായറാഴ്ച കേരളസഭ 'ബൈബിൾ ഞായർ' ആയും ഡിസംബർ 'ബൈബിൾ പാരായണമാസം' ആയും ആഘോഷിക്കുകയാണ്. *സ്നേഹത്തിന്റെ സന്തോഷം* എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പാ കുടുംബങ്ങൾ ശാക്തീകരിക്കുവാൻ സഭയെ മുഴുവൻ ആഹ്വാനംചെയ്യുന്ന പശ്ചാത്തലത്തിൽ 'കുടുംബവും ദൈവവചനവും' എന്ന വിഷയം പരിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കും. ക്രൈസ്തവ കുടുംബങ്ങളെ പടുത്തുയർത്തുന്നതിൽ ദൈവവചനത്തിനു നിർണ്ണായക പങ്കുണ്ടെന്നത് നിസ്തർക്കമാണ്.

**കുടുംബങ്ങളും ബൈബിളിലെ രക്ഷാകരചരിത്രവും**

ക്രൈസ്തവ കാഴ്ചപ്പാടിൽ ദൈവം ഏകാന്തതയല്ല, സംസർഗമാണെന്ന് പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ *സ്നേഹത്തിന്റെ സന്തോഷ*ത്തിൽ നമ്മെ ഓർമിപ്പിക്കുന്നുണ്ട്: 'നമ്മുടെ ദൈവം അവിടത്തെ അഗാധതരമായ രഹസ്യത്തിൽ ഏകാന്തതയല്ല, പിന്നെയോ കുടുംബമാണ്' (AL 13). പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കപ്പെടുന്ന മനുഷ്യൻ (ഉത്പ 1.27) കുടുംബമെന്ന ദൈവത്തിന്റെ പ്രതിച്ഛായയിൽ പങ്കുചേരുന്നു. കുടുംബം ദൈവമെന്ന അപരിമേയരഹസ്യത്തിൽ അടിസ്ഥാനമിട്ടിരിക്കുന്നുവെന്നു മാത്രമല്ല, അത് ദൈവികവെളിപ്പെടുത്തലിന്റെ പശ്ചാത്തലവുമാണ്.

കുടുംബകഥകളിലൂടെ വെളിപ്പെടുന്ന രക്ഷാകരചരിത്രമാണ് ബൈബിളിന്റെ ഉള്ളടക്കം എന്നു പറയാം. ആദിമാതാപിതാക്കൾക്കു മാർഗനിർദേശങ്ങൾ നല്കുന്ന ദൈവം (ഉത്പ. 2.16–17), നീതിമാനായ നോഹയ്ക്കും കുടുംബത്തിനും സംരക്ഷണപേടകമൊരുക്കുന്നവൻ (ഉത്പ 7.1), സന്താനങ്ങളില്ലാത്ത വൃദ്ധദമ്പതികളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനത്തിനു രൂപം കൊടുക്കുന്നവൻ (ഉത്പ 12.1–3) തുടങ്ങി കുടുംബങ്ങളെ പരി

പാലിക്കുകയും നയിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ മിഴിവാർന്ന ചിത്രങ്ങളാൽ ബൈബിളിലെ ആദ്യഭാഗംതന്നെ സമ്പന്നമായിരിക്കുന്നു. അബ്രാഹത്തിന്റെയും യാക്കോബിന്റെയും കുടുംബങ്ങൾ, രക്ഷിക്കുന്ന ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ പശ്ചാത്തലമാകുന്നത് ഉത്പത്തിഗ്രന്ഥം വിവരിക്കുന്നു. ഇസ്രായേൽ എന്ന കുടുംബത്തിന്റെ പിതാവായി കർത്താവായ ദൈവത്തെ മോശയുടെ ഗീതം ചിത്രീകരിക്കുന്നുണ്ട് (നിയ. 32.6). ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധം വിവരിക്കാൻ പിതാവ്-മകൻ, മാതാവ്-ശിശു, ഭർത്താവ്-ഭാര്യ തുടങ്ങിയ കുടുംബപ്രതീകങ്ങൾ പ്രവാചകർ സമൃദ്ധമായി ഉപയോഗിക്കുന്നു (ഏശ. 46.3-4; 66.12-14; ജറെ. 2.2). മാതാവിന്റെ മടിയിൽ കിടക്കുന്ന ശിശുവും (സങ്കീ. 131.2) ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ദൈവം ചൊരിഞ്ഞ സ്നേഹവും (ഹോസി. 11.1) ബൈബിളിലെ മനോജ്ഞങ്ങളായ കുടുംബക്കാഴ്ചകളാണ്.

മനുഷ്യകുടുംബങ്ങളിലെ സുന്ദരനിമിഷങ്ങൾ മാത്രമല്ല, സംഘർഷങ്ങളും കയ്പുനിറഞ്ഞ അനുഭവങ്ങളും ബൈബിളിൽ വിഷയമാകുന്നു. കായേൻ ആബേലിനെ വധിക്കുന്നിടത്തു തുടങ്ങുന്നതാണ് കുടുംബങ്ങളിലെ അക്രമവും സംഘർഷങ്ങളും. പൂർവപിതാക്കന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ കുടുംബങ്ങളിൽനിന്നുപോലും അസ്വസ്ഥതകൾ ഒഴിയുന്നില്ല. ദാവീദിന്റെ കുടുംബത്തെ ചൂഴ്ന്നുനില്ക്കുന്ന പ്രശ്നങ്ങൾ (2 സാമു. 15.30-31), തോബിത്തിന്റെ കുടുംബത്തിലെ ദൈന്യതകൾ (തോബിത് 1-2), ജോബിന്റെ ജീവിതത്തിലെ കയ്പേറിയ പരാതികൾ (ജോബ് 19.13-17) തുടങ്ങിയവ സാധാരണങ്ങളായ കുടുംബാനുഭവങ്ങൾക്ക് ബൈബിളിൽ എന്തുമാത്രം പ്രാധാന്യമുണ്ടെന്ന് വ്യക്തമാക്കുന്നു. ഈജിപ്തിലേക്ക് പലായനംചെയ്യേണ്ടിവരുന്ന യേശുവും മാതാപിതാക്കളും (മത്താ 2.13-23) എല്ലാക്കാലങ്ങളിലുമുള്ള അഭയാർഥികുടുംബങ്ങളുടെ നൊമ്പരത്തിലാണ് പങ്കുചേരുന്നത്.

കുടുംബങ്ങൾ ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലിന്റെ വേദികളാകുന്നതും കുടുംബപ്രശ്നങ്ങൾ രമ്യമായി പരിഹരിക്കപ്പെടുന്നതും ബൈബിളിൽ നിരവധി തവണ നാം വായിക്കുന്നുണ്ട്. ഇടയന്മാർ തമ്മിലുള്ള കലഹം ലോത്തും അബ്രാഹവും വേർപിരിയാൻ ഇടയാക്കിയെങ്കിലും (ഉത്പ. 13.5-12) ഉദാരമതിയായ അബ്രാഹം ലോത്തിനും

കൂട്ടർക്കും അവർക്കിഷ്ടപ്പെട്ട ഫലഭൂയിഷ്ഠമായ ഭൂമിതന്നെ നല്കി. പക്ഷേ, ദൈവം അബ്രാഹത്തെയും കുടുംബത്തെയും പതിന്മടങ്ങ് അനുഗ്രഹിക്കുന്നു. ഭിന്നതകൾ മറന്ന് ഏസാവും യാക്കോബും അനുരഞ്ജനപ്പെടുന്നു (ഉത്പ 33.1-11). തന്നെ ദ്രോഹിച്ച സഹോദരങ്ങളോട് ജോസഫ് കാണിക്കുന്ന അനുകമ്പ സഹോദരങ്ങൾക്കുപോലും വിശ്വസിക്കാനാവുന്നില്ല (ഉത്പ 45.1-8; 50.15-31). കുടുബങ്ങൾക്ക് രൂപംനല്കുകയും അവയെ പരിപാലിക്കുകയും നേർവഴിക്കു നയിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഇതുപോലുള്ള രക്ഷാകരമായ ഇടപെടലുകൾ കുടുംബങ്ങൾക്ക് പ്രചോദനമേകുന്ന ബൈബിൾ ദൃശ്യങ്ങളാണ്.

**വചനം കുടുംബത്തിന്റെ ജീവസ്രോതസ്സ്**

കുടുംബം സ്വയം മനസ്സിലാക്കുന്നതും അതിന്റെ ആരംഭവും ലക്ഷ്യവും തിരിച്ചറിയുന്നതും അർത്ഥം കണ്ടെത്തുന്നതും ദൈവവചനത്തിലാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ *കർത്താവിന്റെ വചനം* (വെർബും ദോമിനി) എന്ന അപ്പസ്തോലികാഹ്വാനം നമ്മെ ഓർമപ്പെടുത്തുന്നുതുപോലെ, ദൈവവചനം നാം ആരെന്നും നമ്മുടെ മനുഷ്യാവസ്ഥയും ജീവിതസായൂജ്യവും പൂർണമായും വെളിപ്പെടുത്തുന്നു (VD 6). വചനം നമ്മെ യഥാർത്ഥ ജീവനിലേക്കു നയിക്കുന്നു. യേശുവാണ് ജീവൻ നല്കുന്ന വചനം. ജീവന്റെ വചനം ശ്രവിക്കുകയും കാണുകയും സ്പർശിക്കുകയും സൂക്ഷിച്ചു വീക്ഷിക്കുകയും ചെയ്തുവെന്ന് യോഹന്നാൻശ്ലീഹ അവകാശപ്പെടുമ്പോൾ (1 യോഹ 1.1) ജീവന്റെ ഉറവിടമായ യേശുവിനെത്തന്നെയാണ് ഉദ്ദേശിക്കുന്നത്. പത്രോസ്ശ്ലീഹ പറയുന്നതുപോലെ, നിത്യജീവന്റെ വചനങ്ങൾ യേശുവിന്റെ പക്കലാണുള്ളത് (യോഹ 6.68). ജീവൻ സമൃദ്ധിയായി ഉണ്ടാകാൻ കുടുംബങ്ങൾ യേശുവിൽ എത്തിച്ചേരണം.

കുടുംബങ്ങളോടുള്ള യേശുവിന്റെ പ്രത്യേക കരുതലും സ്നേഹവും സുവിശേഷങ്ങളിൽ ഉടനീളം പ്രകടമാണ്. ലാസറിന്റെയും മർത്തായുടെയും മറിയത്തിന്റെയും ഭവനം യേശുവിന്റെ സവിശേഷമായ സ്നേഹത്തിനു സാക്ഷ്യംവഹിച്ചു (ലൂക്ക 10.38-42; യോഹ 11.5). പത്രോസിന്റെ ഭവനത്തിലും (മത്താ 8.14-15) ജായ്റോസിന്റെ ഭവനത്തിലും (മർക്കോ 5.21-24, 5.35-43) രോഗികളെ യേശു സൗഖ്യപ്പെടുത്തി. സക്കേവൂസിന്റെ ഭവനത്തിന് അവിടന്ന് രക്ഷയേകി (ലൂക്ക 19.1-10). മത്തായിയുടെ വീട്ടിലാകട്ടെ, സമൂഹത്തിൽനിന്ന് തിരസ്ക്കരിക്കപ്പെട്ട പാപി

കളോടൊത്ത് യേശു പന്തിഭോജനത്തിൽ പങ്കുചേർന്നു (മത്താ 9,9-13). വചനം മാംസം ധരിച്ച യേശുവിന്റെ ഭവനസന്ദർശനങ്ങൾ കുടുംബങ്ങൾക്ക് ജീവന്റെ അനുഭവമായി മാറി.

“കർത്താവായ യേശുവിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും” എന്ന പൗലോസിന്റെ വാക്കുകൾ (അപ്പ 16.31) കുടുംബങ്ങൾ സ്വീകരിക്കേണ്ട മാർഗം വ്യക്തമാക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനം യേശുവിനെ കണ്ടെത്തുകയാണ്. വിശുദ്ധഗ്രന്ഥമാണ് യേശുവിലേക്കുള്ള സുനിശ്ചിതമായ മാർഗം. “വിശുദ്ധഗ്രന്ഥം സംബന്ധിച്ച അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്” എന്ന വി.ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസ്താവ്യമാണ്. ദൈവവചനത്തിലൂടെ ഇന്ന് നമുക്ക് യേശുവിനെ നമ്മുടെ ഭവനങ്ങളിലേക്ക് ആനയിക്കുവാൻ കഴിയും.

വിശുദ്ധഗ്രന്ഥം വായിക്കുന്ന ഏതൊരു വിശ്വാസിയും യേശുവിനെ കണ്ടെത്തുന്നതോടൊപ്പം തന്റെ കുടുംബസാഹചര്യങ്ങളും അതിൽ കണ്ടെത്തും. കുടുംബങ്ങളിലെ സ്വപ്നങ്ങളും പ്രതീക്ഷകളും, സന്തോഷവും സന്താപവും, ഉയർച്ചയും താഴ്ചയും അതിൽ വിവരിക്കപ്പെടുന്നുണ്ട്. ഓരോരോ കാലഘട്ടങ്ങളിലും സംസ്കാരങ്ങളിലും സാഹചര്യങ്ങളിലും അവയുടെ രൂപഭാവങ്ങൾ മാറുന്നുവെന്നുമാത്രം. തന്റെ ജനത്തെ ദൈവം ജീവന്റെ വഴിയിലൂടെ നടത്തിയതുപോലെ ഇന്നും നമ്മുടെ കുടുംബങ്ങളെ നയിക്കുമെന്നും യേശുവിന്റെ സന്ദർശനത്താൽ അവരെ ധന്യരാക്കിയതുപോലെ നമ്മുടെ കുടുംബങ്ങളെ ധന്യമാക്കുമെന്നുമുള്ള വിശ്വാസത്തിലേക്ക് ബൈബിൾവായന നമ്മെ നയിക്കും.

### കുടുംബവും ബൈബിളും

രക്ഷാകരചരിത്രം ഉൾക്കൊള്ളുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നുനല്കുകയും ചെയ്തത് കുടുംബങ്ങളായിരുന്നു. ദൈവം തന്റെ ജനത്തിനായി ചെയ്ത മഹനീയ കൃത്യങ്ങൾ കുടുംബങ്ങളിൽ അനുസ്മരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്തിരുന്നു. ദൈവമായ കർത്താവിന്റെ ചട്ടങ്ങളും പ്രമാണങ്ങളും അനുസരിച്ച് ജീവിതകാലംമുഴുവൻ അവിടത്തെ ഭയപ്പെടുന്നതിനും ദീർഘായുസ്സ് ഉണ്ടാകുന്നതിനുംവേണ്ടി ഇവയുടെ അർത്ഥം മക്കളെ പഠിപ്പിക്കുവാൻ മോശ ഇസ്രായേൽജനത്തെ ഉദ്ബോധിപ്പിക്കുന്നത് നാം നിയമാവർത്തനപുസ്തകത്തിൽ വായിക്കു

ന്നു (നിയ 6.2-23). ഇസ്രായേൽജനം വിശ്വാസം തലമുറകളിലേക്ക് കൈമാറിയത് കുടുംബങ്ങളിലായിരുന്നു. യേശുവിലുള്ള വിശ്വാസം ആഴപ്പെടുത്താൻ കുടുംബങ്ങളിലെ പ്രാർത്ഥനാപൂർവകവും വിശ്വാസ പൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും.

വചനം വായിക്കുക മാത്രമല്ല, വചനം പഠിക്കുകയും വേണം. ദൈവം തന്റെ സഭയ്ക്കു പ്രദാനംചെയ്ത വചനം ആഴത്തിൽ ഗ്രഹിക്കാനുള്ള പരിശ്രമം സാധാരണ ക്രൈസ്തവജീവിതത്തിന്റെ ഉയർന്ന മാനദണ്ഡം ലക്ഷ്യമാക്കുന്നുവെന്ന് *കർത്താവിന്റെ വചനം* എന്ന അപ്പസ്തോലി കാഹ്വാനം (VD 72) പ്രസ്താവിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ *ദൈവവചനം* (*ദേയീ വെർബും*) എന്ന പ്രാമാണികരേ ഖയിലൂടെ ബൈബിൾപഠനം അനന്യമാംവിധം പ്രോത്സാഹിപ്പിക്കു ന്നുണ്ട്. എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് യേശു വചനം വ്യാഖ്യാ നിച്ചുകൊടുത്തപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുവെന്ന (ലൂക്ക 24,32) പ്രസ്താവന ബൈബിൾപഠനത്തിന് നമുക്കു പ്രചോദനമേകണം.

**ബൈബിൾ കമ്മീഷൻ കുടുംബശാക്തീകരണത്തിന്**

കുടുംബത്തിലെ മുതിർന്നവരും കുട്ടികളും ഒന്നിച്ചിരുന്നു ബൈബിൾ വായിക്കുകയും പഠിക്കുകയും ചെയ്യുന്ന സംസ്കാരം നാം വളർത്തി യെടുക്കണം. ഒന്നുചേർന്നുള്ള വചനപഠനം പ്രോത്സാഹിപ്പിക്കുവാ നായി ഈ വർഷംമുതൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ കീഴി ലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വ ത്തിൽ കുടുംബക്വിസും (ലോഗോസ് ഫമീലിയ ക്വിസ്) ആരംഭിച്ചിരി ക്കുന്നു. ഒരുമിച്ചുള്ള ബൈബിൾ പഠനം കുടുംബബന്ധങ്ങൾക്ക് ജീവ നേകട്ടെ.

ലോഗോസ്പരീക്ഷയിൽ ഇത്തവണ രൂപതാതലത്തിൽ 36 രൂപതകളിൽ നിന്ന് ആറുലക്ഷത്തോളംപേർ പങ്കെടുത്തു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരും അവരുടെ കൂടെ പ്രവർത്തിച്ചവരും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ലോഗോസ് പരീക്ഷയിൽ പങ്കെ ടുക്കുന്നത് വചനം പഠിക്കുവാനുള്ള പ്രാരംഭഘട്ടമായി ഏവരും കണ ക്കാക്കണം.

ബൈബിൾ പഠിക്കുവാൻ കേരളത്തിനകത്തും പുറത്തും അനേകായി രങ്ങൾ പങ്കെടുക്കുന്ന പഠനപദ്ധതിയാണ് ബൈബിൾകമ്മീഷൻ നട ത്തുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. കുടുംബങ്ങൾ ഇതിൽ

പങ്കുചേർന്നു പഠിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം. ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന പഠനബൈബിളും ദൈവവചനം ആഴത്തിൽ പഠിക്കുവാൻ സഹായകമാണ്. ഈയവസരത്തിൽ പി.ഒ.സി. ബൈബിൾ പരിഷ്കരണത്തിലും പഠനബൈബിൾ തയ്യാറാക്കലിലും ഏർപ്പെട്ടിരിക്കുന്ന ബൈബിൾപഠിതാക്കളെ കെ.സി.ബി.സി. നന്ദിയോടെ അനുസ്മരിക്കുന്നു. മൂലഗ്രന്ഥത്തോടും അർത്ഥത്തോടും ഏറ്റവും വിശ്വസ്തത പുലർത്തി ബൈബിൾ ദൈവജനത്തിന്റെപക്കൽ എത്തിക്കുന്ന മഹനീയ ദൗത്യത്തിലാണ് അവർ ഏർപ്പെട്ടിരിക്കുന്നത്.

ഓരോ കുടുബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഏറെക്കുറെ സാധ്യമായിട്ടുണ്ട്. ഓരോരുത്തർക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യംവയ്ക്കേണ്ടത്. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള ബൈബിൾ വ്യാപനം വഴി പലർക്കും സ്വന്തമായി ബൈബിൾ കൂടെ കൊണ്ടുനടക്കുവാൻ സാധിക്കുന്നുണ്ട്. ബൈബിൾ കമ്മീഷൻ ഇറക്കിയിരിക്കുന്ന മൊബൈൽ ബൈബിൾ, ശ്രാവ്യ ബൈബിൾ എന്നിവ ഇതിന് സഹായിക്കുന്നു. കൂടാതെ, ബൈബിൾ കമ്മീഷൻ ഭിന്നശേഷിയുള്ളവർക്കായും പ്രത്യേക ബൈബിളുകൾ തയ്യാറാക്കിയിട്ടുണ്ട്.

വചനം മാംസം ധരിച്ചവന്റെ വരവിനായി ഒരുങ്ങുന്ന ഡിസംബർമാസം *ബൈബിൾപാരായണമാസ*മായി ആചരിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്. കുടുംബപ്രാർത്ഥനയുടെ അവസാനം ബൈബിൾ ഭാഗം വായിക്കുക, രാവിലെ ഒരു വചനം ഹൃദിസ്ഥമാക്കുക, ആ വചനം ദിവസം മുഴുവൻ ഉരുവിടുക എന്നിവ ഇന്ന് സാധാരണമായിരിക്കുന്നു. യാത്രയിൽ 'ഓഡിയോ ബൈബിൾ' ശ്രവിക്കുന്നവരുടെ എണ്ണവും കൂടിവരുന്നു. കേരള ക്രൈസ്തവ കുടുംബങ്ങളിൽ വചനപാരായണ സംസ്കാരം വളർന്നുവരുന്നു എന്നത് അഭിമാനാർഹമാണ്.

ബൈബിൾപാരായണമാസമായ ഡിസംബറിൽ ദേവാലയത്തിലും ഓരോ ഭവനത്തിലും വിശുദ്ധഗ്രന്ഥം അലങ്കരിച്ചു പ്രതിഷ്ഠിക്കുവാൻ ശ്രദ്ധിക്കണം. ഇടവകകളിൽ സമ്പൂർണ ബൈബിൾപാരായണം സംഘടിപ്പിക്കുവാൻ പരിശ്രമിക്കുക. കുടുംബാംഗങ്ങൾ ഒന്നുചേർന്ന് ഒരു സുവിശേഷമെങ്കിലും ഈ മാസം മുഴുവൻ വായിച്ചുകേൾക്കുന്നത് മംഗളവാർത്തയുടെ ചൈതന്യത്തിൽ വളരാൻ നമ്മുടെ കുടുംബങ്ങളെ സഹായിക്കും. പഴയ ബൈബിൾ ശേഖരിക്കുവാനും നിർദ്ധനർക്ക് സൗജന്യമായി ബൈബിൾ കൊടുക്കുവാനും ബൈബിൾ സൊസൈറ്റി നടത്തുന്ന

യജ്ഞത്തിൽ നിർലോഭ സഹകരണം നല്കണമെന്ന് ഓർമിപ്പിക്കട്ടെ. ബൈബിൾ സൊസൈറ്റിയിൽ അംഗത്വമെടുത്ത് കേരളസഭയുടെ വചനപ്രേഷിതത്വത്തിൽ പങ്കാളികളാകാനും ഏവരും താത്പര്യമെടുക്കണം.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി കുടുംബങ്ങൾ ശക്തിപ്പെടുത്താം. വചനം കണ്ണുകളിൽനിന്ന് അധരങ്ങളിലേക്കും അധരങ്ങളിൽനിന്ന് കാതുകളിലേക്കും കാതുകളിൽനിന്ന് ഹൃദയത്തിലേക്കും ഹൃദയത്തിൽനിന്ന് കരങ്ങളിലേക്കും പ്രവഹിക്കട്ടെ. ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

...........................................

NB: 2016 നവംബർ 13-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# കാർക്കശ്യമല്ല കരുണയാണാവശ്യം



എൽ.പി. സ്കൂളിൽ നിന്നും യു.പി. സ്കൂളിലേക്കു മാറിയ മഞ്ജുമോൾ ഡാഡിയുടെ കൈപിടിച്ച് അദ്ദേഹം പഠിപ്പിക്കുന്ന സ്കൂളിൽ തന്നെ ആദ്യദിവസം എത്തി. ഡാഡി പഠിപ്പിക്കുന്ന ക്ലാസ്സിൽ മഞ്ജുമോൾ വലിയ ഗമയോടെ ഇരുന്നു. ഹാജർ ബുക്കുമായി ക്ലാസ് ടീച്ചറായ ഡാഡി കടന്നു വന്നപ്പോൾ കുട്ടികൾ ഉറക്കെപ്പറഞ്ഞു: "ഗുഡ് മോണിംഗ് സാർ." മഞ്ജുമോൾ ചിന്തിച്ചു: "ഓ! ഇനിമുതൽ എന്റെ ഡാഡിയെ ഞാനും സാർ" എന്നു വിളിക്കണമല്ലോ. സാർ പറഞ്ഞു: "എനിക്കു നിങ്ങളെയെല്ലാം പരിചയപ്പെടണമെന്നുണ്ട്. പേര്, അച്ഛന്റെയും അമ്മയുടെയും പേര്, സ്ഥലം എന്നിവയൊക്കെ എല്ലാവരും പറയണം. ഒരറ്റം മുതൽ കുട്ടികൾ പേര് പറയാൻ തുടങ്ങി. മഞ്ജുമോൾ ഒരു പുഞ്ചിരിയോടെ ഇരുന്നു ചിന്തിച്ചു: "താനെന്തിനാണ് അച്ഛനെ പരിചയപ്പെടുത്തുന്നത്. ഡാഡിക്ക് അതുകേട്ടു ചിരി വരില്ലെ?" മഞ്ജുവിന്റെ ഊഴം വന്നപ്പോൾ മടിച്ചാണെങ്കിലും അവൾ എഴുന്നേറ്റു നിന്നു ഡാഡിയെ നോക്കി ഒരു കള്ളച്ചിരി പാസ്സാക്കി. ഡാഡിയുടെ മുഖത്തു യാതൊരു പരിചയഭാവവുമില്ലാതെ വന്നപ്പോൾ അവളുടെ ചിരിയും മങ്ങി. ഒന്നും പറയാതെ നിന്നപ്പോൾ മറ്റു കുട്ടികൾ അവളെ തുറിച്ചു നോക്കി. സാർ ചോദിച്ചു: "കുട്ടിയുടെ പേര്?" 'കുട്ടി' എന്ന പുതിയ പേരു ഡാഡി മഞ്ജുമോൾക്കു നൽകിയതു അവളെ കൂടുതൽ വേദനിപ്പിച്ചു. വളരെ മടിച്ചാണെങ്കിലും അവൾ ഒരുവിധം പേര് പറഞ്ഞൊപ്പിച്ചു. "അച്ഛന്റെ പേരെന്താണ്?" അതു കേട്ടപ്പോൾ അവൾ ഞെട്ടിപ്പോയി. ഡാഡി തന്നെ കളിപ്പിക്കുകയാണോ. അവൾ വിറയ്ക്കാൻ തുടങ്ങി, അധരത്തിൽ വാക്കുകൾക്കു ക്ഷാമം. "എന്താ, അച്ഛനില്ലേ?" അദ്ധ്യാപകന്റെ, അല്ല ഡാഡിയുടെ കനത്ത ശബ്ദം അവളെ ഞെട്ടിപ്പിച്ചു. ക്ലാസ്സിലെ കുട്ടികൾ മഞ്ജുവിനെ നോക്കി അടക്കം പറയാൻ തുടങ്ങി. വിഷമിച്ചു വിയർക്കുവാൻ തുടങ്ങിയ മഞ്ജുമോൾക്ക് അച്ഛന്റെ, അല്ല സാറിന്റെ മുഖത്തേക്കു നോക്കാൻ ഭയമായി. "എന്താ, അച്ഛനില്ലേന്ന്?" സാറിന്റെ ദയയില്ലാത്ത ചോദ്യം കേട്ടു, അവൾ സധൈര്യം ഉച്ചത്തിൽ പറഞ്ഞു: "ഇല്ല! അച്ഛൻ മരിച്ചു പോയി." സ്വന്തം മകളുടെ ഉത്തരം കേട്ട ഡാഡി ഞെട്ടിത്തരിച്ചു. തന്നെ തുറിച്ചു നോക്കുന്ന അവളുടെ കണ്ണുകളിൽ നിന്നും കണ്ണീരൊഴുകുവാൻ തുടങ്ങി. സഹതാപം തോന്നിയ ഒരു കുട്ടി പറഞ്ഞു: "സാർ അവൾ കരയുന്നു. പാവം അച്ഛനില്ലാത്ത കുട്ടിയല്ലേ. അവളെ വേദനിപ്പിക്കരുത്." അതു കേട്ടു ഹൃദയം തകർന്ന ഡാഡി എല്ലാം മറന്നു മഞ്ജുമോളെ വാരിയെടുത്തു ചുംബിച്ചു കൊണ്ടു വിളിച്ചു പറഞ്ഞു: "ഇവൾ എന്റെ സ്വന്തം പൊന്നുമോളാണ്." അതുകേട്ട മറ്റു കുട്ടികൾ സന്തോഷാധിക്യത്താൽ കൈയ്യടിച്ചു ആഹ്ലാദിച്ചു.

നിയമങ്ങളെ മുറുകെ പിടിച്ചു കാർക്കശ്യം കാണിക്കുന്നവർ അനേകരുടെ ജീവിതങ്ങളെ തളർത്തുകയും തകർക്കുകയും ചെയ്യുന്നുണ്ട്. നിയമങ്ങൾ പാലിക്കാനുള്ള നിയമജ്ഞരുടെയും ഫരിസേയരുടെയും കാർക്കശ്യമനോഭാവത്തെ യേശു നിശിത

മായി വിമർശിക്കുന്നുണ്ട്. യേശു പറഞ്ഞു: “സാബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനുവേണ്ടിയല്ല” (മർക്കോ. 2.27). മനുഷ്യമഹത്വത്തെ അവഹേളിക്കാനോ, തകർക്കാനോ അല്ല, മറിച്ച് ആദരിക്കുവാനും, ഉയർത്തുവാനുമാണു നിയമങ്ങൾ നിർമ്മിക്കേണ്ടതും, നടപ്പിലാക്കേണ്ടതും. പലപ്പോഴും ആലംബഹീനരെയും, ബലഹീനരെയുമാണു നിയമങ്ങൾ അടിച്ചമർത്തുന്നതും, ഒതുക്കിനിറുത്തുന്നതും. നിയമങ്ങളുടെയും, ചിലരുടെ ആഗ്രഹങ്ങളുടെയും ബലപ്രയോഗത്തിനു മുമ്പിൽ പലരുടെയും ജീവിതം തകർന്നുപോകുന്നുണ്ട്. 2016 ഏപ്രിൽ 28-നു പതിനേഴുകാരിയായ കൃതി ത്രിപാഠി അഞ്ച് നില കെട്ടിടത്തിൽ നിന്നും ചാടി ജീവിതം അവസാനിപ്പിച്ചു. ആത്മഹത്യക്കുറുപ്പിൽ എഴുതി: “എന്റെ തലയിലെ ശബ്ദവും എന്നോടുതന്നെയുള്ള വെറുപ്പും എന്നെ ഭ്രാന്തു പിടിപ്പിക്കുന്നു. ഞാൻ സയൻസ് പഠിക്കേണ്ടവളല്ല. പക്ഷെ വീട്ടുകാർ കൗശലത്തോടെ സ്വാധീനിച്ചു ബാല്യം മുതൽ എന്നെ സയൻസ് ഇഷ്ടപ്പെടുന്നവളാക്കാൻ ശ്രമിച്ചു, നിർബന്ധിച്ചു. ഇംഗ്ലീഷ്, ചരിത്രം എന്നിവയോടായിരുന്ന എനിക്കു താല്പര്യം. നിങ്ങളെ സന്തോഷിപ്പിക്കാനാണു ഞാൻ സയൻസ് പഠിച്ചത്. പക്ഷെ, അതെന്റെ സ്വപ്നങ്ങൾ തകർത്തു. പ്ലസ് വണ്ണിൽ പഠിക്കുന്ന അനിയത്തിയോടെങ്കിലും അമ്മ ഇത്തരം കൗശലം കാട്ടരുതേ. ഞാൻ പോയാൽ ദുഃഖമകറ്റാൻ അച്ഛൻ മദ്യക്കുപ്പിയെടുക്കരുത്. ഇന്നു നിയമത്തിന്റെയും, കാർക്കശ്യത്തിന്റെയും പേരിൽ എത്രയോ കുടുംബങ്ങൾ, വ്യക്തികൾ തകർന്നു പോകുന്നു.

പൊതുനിയമങ്ങൾ എല്ലാവർക്കും, എല്ലാ സാഹചര്യങ്ങളിലും ഒരുപോലെ അടിച്ചേൽപ്പിച്ചു അച്ചടക്കവും പ്രശ്നപരിഹാരവും നടത്തുകയല്ല, മറിച്ചു ഒരോ വ്യക്തിയുടെയും അദ്വതീയതയും തനിമയും കണക്കിലെടുത്തും, ഒരോരുത്തരുടെ പ്രത്യേകസാഹചര്യത്തെ പരിഗണിച്ചുമുള്ള അജപാലനശൈലിയാണു ഇന്നു വളർത്തിയെടുക്കേണ്ടതെന്നു ‘സ്നേഹത്തിന്റെ ആനന്ദ’ത്തിൽ ഫ്രാൻസീസ് മാർപാപ്പ നിർദേശിക്കുന്നു (നമ്പ. 2-3). ഒരോരുത്തരെയും പ്രത്യേകമായി പരിഗണിച്ചുകൊണ്ടുള്ളതായിരുന്നു യേശുവിന്റെയും അജപാലനശൈലി. അതുകൊണ്ടുതന്നെ ഏറ്റവും അകലെയായിരുന്നവരും, അവഗണിക്കപ്പെട്ടവരും യേശുവിന്റെ അടുത്തുത്തേക്ക് ഓടിയെത്തി. വന്നവരെല്ലാം സന്തോഷത്തോടെ, സംതൃപ്തിയോടെ തിരിച്ചുപോകുകയും ചെയ്തു. കാരണം, “ചെറിയവരിൽ ഒരുവൻ പോലും നശിച്ചുപോകാൻ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല” (മത്താ.18.14) എന്ന സത്യം യേശുവിന് അറിയാമായിരുന്നു. അവിടുന്നു വന്നതു നിയമത്തെ ഇല്ലാതാക്കുവാനല്ല, കാരുണ്യംകൊണ്ട് അതിനെ പൂർത്തീകരിക്കുവാനും, ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിയെ അതിശയിക്കുവാനുമാണ് (മത്താ. 5.1720). രാജാധിരാജനായ യേശു ദൈവരാജ്യത്തിന്റെ നീതിയിലേക്കു നമ്മെയോരോരുത്തരെയും ക്ഷണിക്കുകയാണ്: “നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും” (മത്താ. 6:33). സ്വർഗ്ഗീയ പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവാൻ തമ്പുരാൻ നമ്മെയോരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ജോസ് പിതാവ്**

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Archbishop George Cardinal Alencherry

### NOVEMBER 2016

| | | | |
|---|---|---|---|
| 1-21 | | Rome | - Episcopal Ordination - Msgr. Stephen Chirappanath<br>- Plenary Assembly of the Pontifical Council for Promoting Christian Unity<br>- Consistory |
| 22 | | Mount St. Thomas | Canon Law Conference |
| 24 | am | Mariyapuram | M.M.B. St. Thomas Province Day |
| 25 | pm | Mount St. Thomas | S.M.Y.M. National Meet |
| 26 | am | Basilica, Ekm. | Wedding |
| | pm | Alangad | School Centenary Celebration |
| 27 | | Kalady | Pastoral Visit |
| 28- Dec 4 | | Sri Lanka | F.A.B.C. Plenary Assembly |

### DECEMBER 2016

| | | | |
|---|---|---|---|
| 1 - 4 | | Sri Lanka | F.A.B.C. Plenary Assembly |
| 5 - 7 | | P.O.C. | K.C.B.C |
| 8 | | Mount St. Thomas | P.R.O.s' Meeting |
| 9 | pm | Bishop's House | Consultors' Meeting |
| 10 | am | Renewal Centre | Pastoral Council |
| | pm | Malayattoor | Meeting - *Akasaparavakal* |



## Bishop Sebastian Adayanthrath

### NOVEMBER 2016

| | | | |
|---|---|---|---|
| 1 | am | Cherthala | Holy Mass & Jubilee, A.S.M.I. Sisters |
| 2 - 4 | | Kanjhangad | |
| 5 | am | Renewal Centre | Judith Forum |
| | pm | Nedumbassery | Mor Vayaliparambil Thirumeni Anusmaranam |
| 6 | pm | Muttom | Holy Mass, Jesus Youth |
| 8 | | Alappuzha | Meeting, City Evangelization |
| 9 | am | Bishop's House | Engaged |
| 11 | pm | Peringazha | Memorial Mass |
| 12 | pm | Kottayam | Conclusion of Year of Mercy, Lourde Church |
| 13 | am | Vaduthala | Holy Mass & Adoration |
| | | Kalamassery | Marriage Blessing |
| | pm | Naduvattom | Holy Mass & Meeting |
| 15 | | Bishop's House | Deacons' Programme |
| 16 -18 | | Mangalore | Seminary Visit |
| 19 | am | Kavaraparambu | Ordination |
| | pm | Yordhanapuram | Holy Mass & Parish Fest |
| 20 | am | Kizhakumuri | Holy Mass & Jubilee Inauguration |
| | pm | Angamaly | Holy Mass & Eucharistic Adoration, Conclusion of Year of Mercy |
| 23 -24 | | Mandya | Class - Christ University, Bangalore |
| 25 | am | P.O.C. | Family Commission Meeting |
| | pm | Vazhakkala | Holy Mass |
| 26 | am | Cherthala | Inauguration, Prayer Group Meeting |
| | | Bishop's House | Deacons' Parents' Meet |
| | pm | Thripunithura | Class - *Joy of Love* (Family Apostolate) |
| 27 | am | Naduthuruth | Holy Mass & Jubilee Inauguration |
| | pm | Vellarappilly | Ordination |
| 28 | am | Thuravoor | Ordination |
| 29 | am | Thamarachalpuram | Ordination |

| | | | |
|---|---|---|---|
| 30 | pm | Aluva | Holy Mass (Cemetery) St. Dominic's Church |

## DECEMBER 2016

| | | | |
|---|---|---|---|
| 1 | am | Angamaly | Holy Mass & Adoration |
| 2 | pm | Karukutty | Convention Message |
| 3 | am | Thottuva | Holy Mass & Jubilee Celebration |
| | pm | Kizhakambalam | Class - Family Apostolate |
| 4 | am | Majapra | Holy Mass, K.C.Y.M. |
| | pm | Mookkannoor | Class - *Joy of Love* (Family Apostolate) |
| 5 - 7 | | P.O.C. | K.C.B.C. |
| 8 | pm | Kizhakambalam | Holy Mass & Adoration, Sankeerthana Centre |
| 9 | am | Renewal Centre | Meeting, City Evangelization |
| | pm | Bishop's House | Consultors' Meeting |
| 10 | am | Renewal Centre | Pastoral Council, K.C.Y.M. General Council |



## Bishop Jose Puthenveettil

## NOVEMBER 2016

| | | | |
|---|---|---|---|
| 1 | am | Vaikom | Memorial Mass |
| | pm | Angamaly | Holy Mass & Blessing |
| 2 | am | Basilica Ekm. | Holy Mass (Cemetery) |
| | pm | Ezhattumugham | Holy Mass & Cemetery Blessing |
| 4 | | Bishop's House | Appointment Day |
| 5 | am | Koratty | Prayer Group Convention |
| | pm | Aluva | Vestition, F.C.C. Sisters |
| 6 | am | Mekkad | Holy Mass &Medical Camp Inauguration |
| | pm | Maruthorvattom | Holy Mass & Altar Blessing |
| 7 | am | Renewal Centre | Inauguration, AMRAT |
| 8 | am | Renewal Centre | Class - Family Apostolate |

| | | | |
|---|---|---|---|
| 9 | am | Bishop's House | Engaged |
| | pm | Thrikkakara | Class - S.H. Seminary |
| 11 | pm | Cherthala | Adoration Conclusion Message |
| 12 | am | Puthenpally | Memorial Mass |
| | pm | Udayamperoor Old | Blessing - |
| 13 | am | Asokapuram | Holy Mass & Jubilee |
| | pm | Mookkannoor | K.C.Y.M. Meeting |
| 14 | | Bishop's House | Appointment Day |
| 15 | | Bishop's House | Deacons' Meeting |
| 16 | pm | Basilica Ekm. | Marriage Blessing |
| 17 -19 | | Indore | |
| 20 | am | Udayanapuram | Holy Mass & Altar Blessing |
| | pm | Konoor | Holy Mass & Jubilee Meeting |
| 24 | pm | Azhikode | Holy Mass & Message |
| 25 | | Bishop's House | Appointment Day |
| 26 | am | Bishop's House | Deacons' Parents' Meet |
| | pm | Angamaly | Marriage Blessing |
| 27 | | Vathakkad | Pastoral Visit |
| 28 | | Bishop's House | Appointment Day |
| 29 | pm | Renewal Centre | Class |
| 30 | pm | Thrikkakara | S.H. Seminary - Class |

## DECEMBER 2016

| | | | |
|---|---|---|---|
| 1 | pm | Kanjoor | Inauguration, Bible Convention |
| 2 | | Bishop's House | Appointment Day |
| 3 | pm | Renewal Centre | Meeting - Corporate Education Agency |
| 4 | | Neduvannoor | Pastoral Visit |
| 5 - 7 | | P.O.C. | K.C.B.C. |
| 9 | pm | Bishop's House | Consultors' Meeting |
| | | Basilica, Ekm. | Memorial Mass - Mar Aloysius Pazheparambil |
| 10 | am | Renewal Centre | Pastoral Council |

* * * * *

# കച്ചേരിക്കാര്യം

## സ്വതന്ത്ര ഇടവകയായി ഉയർത്തി

തൃപ്പൂണിത്തുറ ഫൊറോനയിൽപ്പെട്ട ചെത്തിക്കോട് മേരി ഇമ്മാക്കുലേറ്റ് പള്ളിയുടെ കുരിശുപള്ളിയായിരുന്ന **ആരക്കുന്നം സെന്റ് ജോസഫ്സ്** പള്ളിയെ **2016 ഒക്ടോബർ 23-ാം** തീയതി അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സ്വതന്ത്ര ഇടവകയായി ഉയർത്തി.

ചാൻസലർ

# പ്രസ്ബിത്തേരിയം

പ്രിയ ബഹു. വൈദികരേ,

അതിരൂപതാ പ്രസ്ബിത്തേരിയം (വൈദിക കൂട്ടായ്മ) **2016 ഡിസംബർ 14-ാം തീയതി ബുധനാഴ്ച രാവിലെ 10.00 മണിക്ക്** എറണാകുളം കത്തീഡ്രൽ ബസിലിക്കാ ഹാളിൽ കൂടുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും പ്രസ്തുത യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട എല്ലാ വൈദികരേയും പ്രസ്ബിത്തേരിയത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# വൈദികരുടെ അലവൻസ്

എറണാകുളം-അങ്കമാലി അതിരൂപതാ വൈദികരുടെ അലവൻസ് **2017 ജനുവരി മാസം മുതൽ പതിനോരായിരം (11,000) രൂപ യായി നിശ്ചയിച്ചിരിക്കുന്നു.**

- മഠങ്ങളിൽനിന്ന് ഭക്ഷണം ക്രമീകരിച്ചിട്ടുള്ള ഓരോ വൈദികനും അതിന്റെ ചെലവിലേക്കായി കുറഞ്ഞത് 4,000/- (നാലായിരം) രൂപ യെങ്കിലും അവർക്ക് നൽകേണ്ടതാണ്.
- വിശ്രമജീവിതം (റിട്ടയേർഡ്) നയിക്കുന്ന അതിരൂപതാ വൈദിക രുടെ പ്രതിമാസ അലവൻസ് **അയ്യായിരത്തി അഞ്ഞൂറ് (5,500)** രൂപ ആയിരിക്കും. ഇത് അരമനയിൽനിന്നു ലഭിക്കുന്നതാണ്.
- റിട്ടയർ ചെയ്തതിനുശേഷം സ്വന്തം വീടുകളിൽ താമസിക്കുന്ന ഇടവക വൈദികരുടെ പ്രതിമാസ അലവൻസ് **അയ്യായിരത്തി അഞ്ഞൂറ് (5,500) രൂപ** ആയിരിക്കും. ഇത് അരമനയിൽനിന്നു ലഭിക്കുന്നതാണ്.
- വൈദികമന്ദിരങ്ങളിൽ വിശ്രമിക്കുന്ന വൈദികർ അഭിവന്ദ്യ പിതാവിന്റെ നിയോഗാർത്ഥം 25 കുർബാനകൾ ഓരോ മാസവും അർപ്പിക്കണം.
- ഇടവകകളിൽ റെസിഡന്റ് പ്രീസ്റ്റ് ആയി സേവനം ചെയ്യുന്ന വൈദികർക്ക് 11,000/- രൂപ ഇടവകകളിൽനിന്ന് നൽകേണ്ടതാണ്.
- ഇടവകയുടെ ആവശ്യങ്ങൾക്ക് അതിഥികളായി വരുന്നവർ മൂലം ഉണ്ടാകുന്ന ചെലവ് വൗച്ചർ പ്രകാരം തുക പള്ളിയിൽനിന്ന് കൈപ്പറ്റാവുന്നതാണ്.
- ഇന്ത്യയ്ക്കകത്ത് പഠിക്കുന്ന വൈദികർക്ക് അവരുടെ ഫീസും, താമസ ചെലവും അതിരൂപതയിൽനിന്നും നൽകുന്നതിനു പുറമെ, 2017 ജനുവരി മുതൽ 5,500/- രൂപ അലവൻസും നൽകുന്നതാണ്. ആവശ്യമായ കുർബാന നിയോഗങ്ങൾ അതിരൂപതാ കച്ചേരി യിൽനിന്നും ലഭിക്കുന്നതാണ്.

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോസിഞ്ചെല്ലൂസ്

## ദേവാലയശുശ്രൂഷികളുടെ വേതനവർദ്ധനവ്

ദേവാലയശുശ്രൂഷികളുടെ സേവനവേതനവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ശമ്പളവർദ്ധനവിനുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു. ഇത് **2017 ജനുവരി മാസം മുതൽ** പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

- മുഴുവൻ സമയ (ഫുൾടൈം) ശുശ്രൂഷികളുടെ കുറഞ്ഞ പ്രതിമാസ വേതനം **എണ്ണായിരം (8,000)** രൂപയായിരിക്കും.
- ഭാഗിക സമയ (പാർട്ട് ടൈം) ശുശ്രൂഷികളുടെ കുറഞ്ഞ പ്രതിമാസ വേതനം **അയ്യായിരത്തി അഞ്ഞൂറ് (5,500)** രൂപയായിരിക്കും.
- ദേവാലയ ശുശ്രൂഷികൾക്ക്, അതിരൂപത നിശ്ചയിച്ചിട്ടുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ എല്ലാ ഇടവകകളും ശ്രദ്ധിക്കണം.

കാലാകാലങ്ങളിൽ പള്ളി പ്രതിനിധിയോഗത്തിൽ പള്ളി ജീവനക്കാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് ചർച്ച ചെയ്ത് നിശ്ചയിക്കേണ്ടതും അതിരൂപതാ കച്ചേരിയുടെ അനുവാദത്തോടെ അത് പ്രയോഗത്തിൽ വരുത്തേണ്ടതുമാണ്.

* * * * *

## ദേവാലയശുശ്രൂഷികളുടെ സേവന-വേതന വ്യവസ്ഥകളും നിർദ്ദേശങ്ങളും

(*എറണാകുളം മിസ്സം 2008*, സെപ്റ്റംബർ മാസത്തിൽ (പേജ് 408-413) പ്രസിദ്ധീകരിച്ചത്)

1. **ക്ഷേമനിധി:** അതാതു മാസത്തെ ശമ്പളത്തിന്റെ 10 ശതമാനം വ്യക്തിയിൽനിന്നും, 10 ശതമാനം പള്ളിക്കാര്യത്തിൽനിന്നും ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും, വിരമിക്കുന്ന അവസരത്തിൽ ബാങ്ക് പലിശയോടുകൂടി പ്രസ്തുത സംഖ്യ നൽകുകയും ചെയ്യുന്നു.
2. **റിട്ടയർമെന്റ് ബെനഫിറ്റ് ഫണ്ട്:** എല്ലാ മാസവും 50 രൂപ വീതം ബാങ്കിൽ നിക്ഷേപിക്കുകയും വിരമിക്കുന്ന അവസരത്തിൽ ബാങ്ക് പലിശയോടുകൂടി പ്രസ്തുത സംഖ്യ നൽകുകയും ചെയ്യുന്നു.

3. **മെഡിക്കൽ ഇൻഷുറൻസ്:** എല്ലാ ദേവാലയശുശ്രൂഷികൾക്കും മെഡിക്കൽ ഇൻഷുറൻസ് ഉണ്ടായിരിക്കേണ്ടതാണ്. വാർഷിക പ്രീമിയമായി 500/- രൂപയെങ്കിലും പള്ളിക്കാര്യത്തിൽനിന്നും നൽകാവുന്നതാണ്.

4. **വസ്ത്രധാരണ രീതി:** ഞായറാഴ്ചകളിലും മറ്റു പ്രധാന ദിവസങ്ങളിലും വെള്ള ഷർട്ടും കറുത്തപാൻസും (വെള്ള മുണ്ട്) ധരിക്കുന്നതാണ് ഉചിതം.

5. **ക്രിസ്മസ് & ഈസ്റ്റർ അലവൻസ്**

   വാർഷിക അലവൻസായി ദേവാലയശുശ്രൂഷിക്ക് 500 രൂപ നൽകുന്നു.

   ക്രിസ്മസ്, ഈസ്റ്റർ എന്നീ അവസരങ്ങളിൽ, ഒരു മാസത്തെ ശമ്പളത്തിന്റെ പകുതി വീതം അലവൻസായി നൽകുന്നു.

6. **സേവന വേതന വ്യവസ്ഥകളുടെ പരിഷ്കാരം:** സേവന വേതന വ്യവസ്ഥകളും, മാസശമ്പളവും ഇടവക പ്രതിനിധിയോഗത്തിൽ ആലോചിച്ചശേഷം അതിരൂപതാക്കച്ചേരിയുടെ രേഖാമൂലമുള്ള അറിവോടെ ഇടവക വികാരി നിശ്ചയിക്കുന്നതും കാലാകാലങ്ങളിൽ ഉചിതമായ മാറ്റം വരുത്താവുന്നതുമാണ്.

## ദേവാലയ ശുശ്രൂഷികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

1. **ദേവാലയശുശ്രൂഷി**

   തിരുക്കർമ്മാദികൾ നടത്തുന്നതിന് വൈദികനെ സഹായിക്കാൻ വിശ്വാസ തീക്ഷ്ണതയും ആദ്ധ്യാത്മിക ചൈതന്യവുമുള്ള അല്മായരെ തിരഞ്ഞെടുത്ത് ഇടവക പ്രതിനിധിയോഗവുമായി ആലോചിച്ചശേഷം അതിരൂപതാക്കച്ചേരിയുടെ രേഖാമൂലമുള്ള അറിവോടെ ഇടവക വികാരി പ്രത്യേകം നിയമിക്കുന്ന വ്യക്തിയാണ് ദേവാലയശുശ്രൂഷി.

2. **യോഗ്യതകൾ**

   1) വിവേകവും സ്വഭാവശുദ്ധിയും (സത്യസന്ധത, ആത്മാർത്ഥത, അനുസരണം തുടങ്ങിയവ)
   2) സഭയുടെ വിശ്വാസ-ധാർമ്മിക പഠനങ്ങളിലുള്ള ആഴമായ ബോധ്യം
   3) വിശ്വാസതീക്ഷ്ണതയുള്ള ജീവിതം

4) ആരാധനക്രമസംബന്ധമായ പ്രായോഗികപരിചയം
5) വിദ്യാഭ്യാസം: പ്രീ ഡിഗ്രി അഭിലഷണീയം.
6) പ്രായം: 18 മുതൽ 65 വയസ്സുവരെ
7) നിരീശ്വരത്വവുമായി വിശ്വാസമോ, ബന്ധമോ ഉണ്ടാകരുത്.
8) പക്വമായ വ്യക്തിത്വത്തിന്റെ ഉടമയായിരിക്കണം.
9) ലഹരി ഉപയോഗത്തിൽനിന്നും വിമുക്തനായിരിക്കണം (പുകവലി, മദ്യപാനം, മയക്കുമരുന്ന് etc.)

3. **ചുമതലകൾ**

പ്രധാനമായും മൂന്ന് ചുമതലകളാണ് ദേവാലയശുശ്രൂഷിക്കുള്ളത്.

1) ആരാധനസംബന്ധമായ (ലിറ്റർജിക്കൽ) അനുഷ്ഠാനങ്ങളോട് ബന്ധപ്പെട്ട് ദൈവജനത്തിനായി നടത്തപ്പെടുന്ന ശുശ്രൂഷകളിൽ വികാരിയെ സഹായിക്കുക.
2) മേല്പറഞ്ഞ അനുഷ്ഠാനങ്ങളുടെ നിർവ്വഹണത്തിനുവേണ്ട സ്ഥലങ്ങളും, സാധനസാമഗ്രികളും സംരക്ഷിക്കുകയും ഉചിതമായരീതിയിൽ സൂക്ഷിക്കുകയും ചെയ്യുക.
3) ദേവാലയശുശ്രൂഷാസ്ഥാനം ആവശ്യപ്പെടുന്ന വ്യക്തിപരമായ മറ്റു ചുമതലകൾ നിർവ്വഹിക്കുക.

**തിരുക്കർമ്മങ്ങളോടു ബന്ധപ്പെട്ട ചുമതലകൾ**

1. എല്ലാ ദിവസവും രാവിലെ (ഓരോ സ്ഥലത്തെയും പതിവനുസരിച്ച്) കുരിശുമണി അടിച്ച്, പള്ളിതുറന്നതിനുശേഷം കുറച്ചു സമയം വ്യക്തിപരമായി പ്രാർത്ഥിക്കുക. തുടർന്ന്, ദിവ്യബലിക്കുള്ള ഒരുക്കങ്ങൾ ചെയ്യുക.
2. തിരുക്കർമ്മങ്ങളിൽ മുഴുവൻ സമയവും സംബന്ധിച്ച് ദേവാലയശുശ്രൂഷി മദ്ബഹായ്ക്കു സമീപം നിർബന്ധമായും ഉണ്ടായിരിക്കണം.
3. ഓരോ ഇടവകയിലെയും തിരുനാളുകൾ, നൊവേനകൾ, ത്രിദിനാപേക്ഷ, മറ്റു തിരുക്കർമ്മങ്ങൾ എന്നിവ സംബന്ധിച്ച പതിവുകളും നടപടിക്രമങ്ങളും സമയാസമയങ്ങളിൽ വികാരിയച്ചനെ ഓർമ്മിപ്പിക്കുക.
4. വീടുകളിൽ നടത്തേണ്ട പുലയടിയന്തിരം, ശ്രാദ്ധം തുടങ്ങിയവയ്ക്കുള്ള ക്രമീകരണങ്ങൾ വീടുകളിൽ നടത്തുകയും ലഭിക്കുന്ന സ്തോത്ര കാഴ്ച വികാരിയച്ചനെ ഏല്പിക്കുകയും ചെയ്യണം.

5. രോഗീലേപനം കൊടുക്കാൻ വികാരിയച്ചൻ വീടുകളിലോ ആശുപത്രികളിലോ പോകുമ്പോൾ വികാരിയച്ചനെ സഹായിക്കാൻ സദാ സംലഭ്യനായിരിക്കുക.

## പൊതുവായ ചുമതലകൾ

1. ദേവാലയ വാതിലുകൾ, ജനലുകൾ എന്നിവ തുറന്നിടുന്ന കാര്യത്തിലും അടയ്ക്കുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധ ചെലുത്തണം.
2. പള്ളിയകവും പരിസരവും സങ്കീർത്തിയും എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്ന കാര്യത്തിൽ താല്പര്യമെടുക്കണം.
3. തിരുക്കർമ്മങ്ങളോടു ബന്ധപ്പെട്ട തിരുപാത്രങ്ങൾ, തിരുവസ്ത്രങ്ങൾ എന്നിവ വൃത്തിയായും, ശുചിയായും സൂക്ഷിക്കുക. മെഴുകുതിരിസ്റ്റാന്റുകൾ വൃത്തിയാക്കുക.
4. വൈകുന്നേരങ്ങളിൽ കുരിശുമണിയടിച്ച്, വികാരിയച്ചനോടൊപ്പം കൊന്ത ചൊല്ലിയശേഷം പള്ളിപൂട്ടി പള്ളിയുടെയും സക്രാരിയുടെയും താക്കോൽ വികാരിയച്ചനെ ഏല്പിക്കുക.
5. തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ അതിനാവശ്യമായ ക്രമീകരണങ്ങൾ അൾത്താരയിലും പള്ളിയിലും ചെയ്തിരിക്കണം. തിരുക്കർമ്മങ്ങൾക്കിടയിൽ ക്രമീകരണങ്ങൾ നടത്താൻ ശ്രമിക്കുന്നത് തിരുക്കർമ്മങ്ങളിലുള്ള ഏകാഗ്രത നഷ്ടപ്പെടുത്തും.
6. അടുത്ത ദിവസത്തെ തിരുക്കർമ്മങ്ങളെയും, പരിപാടികളെയും കുറിച്ച് വികാരിയച്ചനോട് വിശദമായി ചോദിച്ചറിയേണ്ടതാണ്.
7. ദേവാലയശുശ്രൂഷിക്ക് വിഹിതം ലഭിക്കേണ്ട തിരുക്കർമ്മങ്ങളെക്കുറിച്ചുള്ള അതിരൂപത നിർദ്ദേശങ്ങൾ വികാരിയച്ചനിൽനിന്നും ചോദിച്ചറിയേണ്ടതും പ്രസ്തുത തിരുക്കർമ്മങ്ങൾക്കുകിട്ടേണ്ട വിഹിതം സ്വയം എഴുതി സൂക്ഷിച്ച് മാസാവസാനം വികാരിയച്ചനിൽനിന്നും കൈപ്പറ്റേണ്ടതാണ്.
8. ആത്മസ്ഥിതി, മാമ്മോദീസ രജിസ്റ്റർ, വിവാഹ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്ന കാര്യത്തിൽ വികാരിയച്ചനെ സഹായിക്കുക.

## വ്യക്തിപരമായ ചുമതലകൾ

1. ദേവാലയത്തിന്റെ പവിത്രതയ്ക്കും, ഏറ്റെടുത്തിരിക്കുന്ന ദൈവികശുശ്രൂഷയുടെ അന്തസിനും യോജിച്ചതായിരിക്കണം ദേവാലയ ശുശ്രൂഷകരുടെ വസ്ത്രധാരണം.

2. ദേവാലയ ശുശ്രൂഷി ദിവസേന കുർബാന സ്വീകരിക്കുന്നതുവഴി ജനങ്ങളിൽ ദൈവിശ്വാസം ആഴപ്പെടുത്തുവാൻ സാധിക്കും. മാസത്തിലൊരിക്കലെങ്കിലും കുമ്പസാരം നടത്തേണ്ടതാണ്.
3. ദേവാലയ ശുശ്രൂഷികൾക്കായി അതിരൂപത നേരിട്ടുനടത്തുന്ന വാർഷികധ്യാനത്തിൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. സാധിക്കാതെ വരുന്നപക്ഷം വികാരിയച്ചന്റെ നിർദ്ദേശ പ്രകാരം മറ്റൊരു ധ്യാനത്തിൽ നിർബന്ധമായും സംബന്ധിക്കണം. വാർഷിക ധ്യാനം ഒഴിവാക്കാൻ പാടുള്ളതല്ല.
4. അജപാലനശുശ്രൂഷയിൽ വികാരിയച്ചൻ ശ്രദ്ധിക്കപ്പെടേണ്ട ഗൗരവമേറിയ കാര്യങ്ങളും സംഭവങ്ങളും, പുതുതായിവരുന്ന വികാരിയച്ചനെ വിവേകപൂർവ്വം ധരിപ്പിക്കണം.
5. അൾത്താര, ദേവാലയം, സങ്കീർത്തി എന്നിവിടങ്ങളിൽ അവയുടെ പരിശുദ്ധിക്കു യോജിച്ചവിധത്തിൽ പെരുമാറുകയും നിശബ്ദത പാലിക്കുകയും വേണം. ഇക്കാര്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതും ഉചിതമായിരിക്കും.
6. വേണ്ടത്ര ഭക്തിയോടും കൃത്യതയോടും വിവേകത്തോടുംകൂടി തിരുക്കർമ്മങ്ങൾക്കുള്ള സജ്ജീകരണങ്ങൾ ചെയ്യണം.
7. കാലാകാലങ്ങളിൽ മാറിവരുന്ന വികാരിമാരോട് അനുസരണവും, വിധേയത്വവും, ബഹുമാനവും സഹകരണമനോഭാവവും പുലർത്തുക.

## ദേവാലയശുശ്രൂഷിയും വികാരിയച്ചനും

ഇടവകയിൽ വികാരിയച്ചന്റെ അജപാലനശുശ്രൂഷ കാര്യക്ഷമമാക്കുന്നതിനും വിജയപ്രദമാക്കുന്നതിനും ദേവാലയശുശ്രൂഷിയുടെ സജീവ പങ്കാളിത്തവും സഹകരണവും ആവശ്യമാണ്. അതുപോലെതന്നെ, ദേവാലയശുശ്രൂഷിക്കു തന്റെ ശുശ്രൂഷയും ഉത്തരവാദിത്വവും വിശ്വസ്തതയോടെ നിർവ്വഹിക്കുന്നതിന് വികാരിയച്ചന്റെ സഹായവും സഹകരണവും അത്യന്താപേക്ഷിതമാണ്. അതിനാൽ, ദേവാലയശുശ്രൂഷികളെ സംബന്ധിച്ച് വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ട ചില മാർഗ്ഗനിർദ്ദേശങ്ങൾകൂടി താഴെക്കൊടുക്കുന്നു.

1. ദേവാലയശുശ്രൂഷിയുടെ ശമ്പളം എല്ലാ മാസവും 1-ാം തീയതി തന്നെ നൽകുക. അതിരൂപത നിശ്ചയിച്ചിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ ഓരോ വർഷവും കൃത്യമായി നൽകുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധവേണ്ടതാണ്.

2. അതിരൂപത നിഷ്കർഷിച്ചിരിക്കുന്ന ഫെസ്റ്റിവൽ അലവൻസ് (മാസ ശമ്പളത്തിന്റെ പകുതി വീതം) ദേവാലയശുശ്രൂഷിക്ക് കൃത്യമായി നൽകണം.

3. ദേവാലയ ശുശ്രൂഷിയുടെ സാധാരണ ഉത്തരവാദിത്വങ്ങൾക്കു പുറമേ അവർ ചെയ്യുന്ന മറ്റു ജോലികൾക്കു ന്യായമായ കൂലി നൽകണം (ഉദാ: ഇക്ട്രിക്കൽ/പ്ലംബിങ്ങ്, ഭക്ഷണം വാങ്ങൽ, etc..).

4. പാട്ട് കുർബാന, ഒപ്പീസ്, ലദീഞ്ഞ് തുടങ്ങിയ തിരുക്കർമ്മങ്ങൾക്ക് അതിരൂപതയിൽനിന്നും നിശ്ചയിച്ചു തന്നിരിക്കുന്ന നിരക്ക് പ്രകാരം ദേവാലയ ശുശ്രൂഷികൾക്ക് കൊടുക്കേണ്ട വിഹിതം മുഴുവൻ മാസാവസാനം കണക്കുബോധ്യപ്പെടുത്തി കൊടുക്കണം.

5. ദേവാലയ ശുശ്രൂഷിയുടെ സേവനം ആവശ്യമായി വരുന്ന തിരുക്കർമ്മങ്ങളുടെയും മറ്റു അജപാലന പരിപാടികളുടെയുംകാര്യം മുൻകൂട്ടി അവരെ അറിയിക്കാൻ ശ്രമിക്കണം.

6. ഒരു ജോഡി യൂണിഫോമോ, അതിനുള്ള സംഖ്യയോ പള്ളിച്ചെലവിൽനിന്നും വർഷത്തിലൊരിക്കൽ നൽകുന്നത് ഉചിതമായിരിക്കും.

7. ദേവാലയശുശ്രൂഷിയുടെ ഭാഗത്തുനിന്ന് പോരായ്മകളും വീഴ്ചകളും ഉണ്ടാകുമ്പോൾ പരസ്യമായി ശാസിക്കാതെ വിവേകത്തോടെയും അജപാലകനടുത്ത പക്വതയോടെയും വ്യക്തിപരമായും തിരുത്തുക.

8. ദേവാലയശുശ്രൂഷിക്ക് പ്രൊവിഡന്റ് ഫണ്ട്, മെഡിക്കൽ ഇൻഷുറൻസ് എന്നിവ രൂപീകരിച്ച് നീതിപൂർവ്വകമായ സേവന-വേതന വ്യവസ്ഥകൾ ഏർപ്പെടുത്തി അവർക്കു കൊടുക്കാൻ പ്രത്യേകം താല്പര്യമെടുക്കണം.

9. ഈ നിർദ്ദേശങ്ങൾക്കു പുറമെ കാലാകാലങ്ങളിൽ ദേവാലയ ശുശ്രൂഷികളെ സംബന്ധിച്ച്, അതിരൂപതയിൽനിന്നു നൽകുന്ന നിർദ്ദേശങ്ങൾ അറിയാനും അത് അഭംഗുരം പാലിക്കാനും വികാരിയച്ചന്മാർ പ്രത്യേക ശ്രദ്ധ ചെലുത്തണം.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**

## വൈദികരുടെ ശ്രദ്ധയ്ക്ക് (1)

# സാക്ഷ്യത്തിനായ്

- നമ്മുടെ പള്ളികളുടെ അൾത്താരകൾ അലങ്കരിക്കുന്നതിനായി പണം കൊടുത്തു വാങ്ങുന്ന ധാരാളം പുഷ്പങ്ങൾ ഉപയോഗിക്കുന്നു. ലാളിത്യത്തിന്റെ ഭാഗമായി, വിവിധ സംഘടനകളെ ഉൾപ്പെടുത്തി പള്ളികളിൽ ഒരു പൂന്തോട്ടം നിർമ്മിക്കുകയും അതിലെ പുഷ്പങ്ങൾകൊണ്ട് നമ്മുടെ അൾത്താരകൾ മനോഹരമാക്കുകയും ചെയ്യുന്നത് വളരെ നന്നായിരിക്കും.
- മറ്റൊരു അദ്ധ്യയന വർഷംകൂടി അവസാനിക്കാൻ പോകുന്നു. നമ്മുടെ ദേവാലയങ്ങളിൽ ദൈവവിളികളുടെ മഹത്വത്തെക്കുറിച്ച് സംസാരിക്കുന്നത് ഉചിതമായിരിക്കും. വൈദികർ, ബ്രദേഴ്സ്, സിസ്റ്റേഴ്സ് ആകുവാൻ ആഗ്രഹമുള്ള കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കാം.
- എല്ലാ മാസവും ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ യുവജനങ്ങൾക്കായി ABIDE ധ്യാനം നടക്കുന്നുണ്ട്. യുവജനങ്ങളുടെ ഹൃദയങ്ങളെ ആഴമായി സ്പർശിക്കുന്ന ഒരു ആദ്ധ്യാത്മിക ശുശ്രൂഷയാണിത്. നമ്മുടെ ഇടവകയിൽനിന്ന് 6 യുവജനങ്ങളെ നവംബർ മാസത്തിലെ ധ്യാനത്തിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**സെബാസ്റ്റ്യൻ പിതാവ്**

---

## അതിരൂപതാ ഡയറി 2017

അതിരൂപതാ തലത്തിലും, ഡിപ്പാർട്ടുമെന്റ് തലത്തിലുമുള്ള പ്രധാന പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അതിരൂപതാ ഡയറി തയ്യാറാക്കി കൊണ്ടിരിക്കുന്നു. 2016 നവംബർ പകുതിയോടുകൂടി വൈദികർക്ക് ഇത് ലഭ്യമാക്കുന്നതാണ്.

**ഫാ. ജോസ് മണ്ടാനത്ത്**
**പാസ്റ്ററൽ കോ-ഓർഡിനേറ്റർ**

## ക്രിസ്മസ് ആഘോഷം

എറണാകുളം-അങ്കമാലി അതിരൂപതയിലെ വിവിധ സന്ന്യാസിനീ ഭവനങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ഇതര സംസ്ഥാന പെൺകുട്ടികളുടെ ക്രിസ്മസ് ആഘോഷം ഡിസംബർ **17-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ 2.00 വരെ** എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കാ ഹാളിൽ നടത്തപ്പെടുന്നു. ഇതിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഡിസംബർ 10-ന് മുൻപായി താഴെ കൊടുത്തിട്ടുള്ള ഫോൺനമ്പറിൽ അറിയിക്കേണ്ടതാണ്.

**ഫോൺ: 94461 27395**

**ഫാ. വർഗ്ഗീസ് പാലാട്ടി (അസി. പ്രൊക്കുറേറ്റർ)**

# അതിരൂപതാ അജപാലന സമിതിയുടെ

## 7-ാമത് യോഗ റിപ്പോർട്ട്

2014-2017 പ്രവർത്തന വർഷത്തിലെ പാസ്റ്ററൽ കൗൺസിന്റെ ഏഴാമത്തെ യോഗം കലൂർ റിന്യൂവൽ സെന്ററിൽ 2016 ജൂൺ 11 ശനി രാവിലെ 10.00-നു പ്രാർത്ഥനയോടെ ആരംഭിച്ചു. സിസ്റ്റർ ദിവ്യ എം.എസ്.ജെ. പ്രാർത്ഥന നയിച്ചു. നിർവാഹക സമിതി അംഗം ആന്റണി പട്ടശേരി സ്വാഗതം ആശംസിച്ചു. സെക്രട്ടറി സിജോ പൈനാടത്ത് മുൻയോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.

മേജർ ആർച്ച്ബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, അതിരൂപതാ അതിർത്തിക്കുള്ളിലെ

കത്തോലിക്കാ എം.എൽ.എ.മാർക്കും വിവിധ മേഖലകളിൽ മികവു തെളിയിച്ച അതിരൂപതാംഗങ്ങൾക്കും സ്വീകരണം, ക്രൈസ്തവസാക്ഷ്യം: വ്യക്തി, കുടുംബ, സമൂഹ-ജീവിതത്തിൽ എന്ന വിഷയത്തിലുള്ള ചർച്ചകൾ, പുസ്തകപ്രകാശനം, സജീവമായ ഓപ്പൺ ഫോറം, പുതിയ കൗൺസിൽ അംഗങ്ങളുടെ നിയമനം എന്നിവയായിരുന്നു പ്രധാന നടപടികൾ.

*** ജനപ്രതിനിധികൾ നന്മയുടെ മാതൃകകളാവണം**

കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ പൊതുസമൂഹത്തിനു നന്മയും സേവനവും സമ്മാനിക്കുന്നവരാവണം ജനപ്രതിനിധികളെന്നു മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അധ്യക്ഷപ്രസംഗത്തിൽ ഓർമിപ്പിച്ചു. സമൂഹത്തിൽ കാരുണ്യവും കൈത്താങ്ങും അർഹിക്കുന്നവരെ തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കാൻ നേതാക്കൾ പരിശ്രമിക്കേണ്ടതുണ്ട്. തിരസ്കരിക്കപ്പെടുന്നവരിലുള്ള ശുശ്രൂഷകൾ സജീവമാകണം. അവഗണിക്കപ്പെട്ടവരെ അടുത്തേക്കു ചേർത്തുപിടിച്ച സന്ന്യാസിനിയാണു വിശുദ്ധരുടെ ഗണത്തിലേക്കുയർത്തപ്പെടുന്ന മദർ തെരേസ. ജീവിതം സന്ദേശവും സന്ദേശം സാക്ഷ്യവുമാകണം. സാക്ഷ്യത്തിന്റെ ഭാവത്തിനാണു കാലം കൂടുതൽ വില കല്പിക്കുന്നത്. പ്രസംഗിക്കുന്നവർ പ്രവർത്തിക്കുന്നവരുമാകണം. പങ്കാളിത്ത സ്വഭാവം വർധിപ്പിച്ചു കൂട്ടായ്മയോടെ സഭയുടെയും രാജ്യത്തിന്റെയും പുരോഗതിയിൽ കൈകോർക്കാൻ എല്ലാവർക്കും സാധിക്കണം. പുതിയ എം.എൽ.എ. മാർക്കു മാതൃകാപരമായ പൊതുപ്രവർത്തനം നടത്താൻ സാധിക്കുന്നതിനു പ്രാർത്ഥനാശംസകൾ നേരുന്നതായും കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു.

*** എം.എൽ.എ. മാർക്ക് ആദരം**

എം.എൽ.എ. മാരായ പി.ടി. തോമസ് (തൃക്കാക്കര), റോജി എം. ജോൺ (അങ്കമാലി), ഹൈബി ഈഡൻ (എറണാകുളം), ബി. ഡി. ദേവസി (ചാലക്കുടി), കെ. ജെ. മാക്സി (കൊച്ചി) എന്നിവരെ മേജർ ആർച്ച് ബിഷപ് പൊന്നാടയണിയിച്ച് ആദരിച്ചു. അതിരൂപതാ സഹായമെത്രാന്മാരായ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ എന്നിവർ ബൊക്കെയും ഫ്രാൻസിസ് മാർപാപ്പയുടെ 'സ്നേഹത്തി

ന്റെ സന്തോഷം' എന്ന ചാക്രികലേഖനത്തിന്റെ കോപ്പിയും സമ്മാനിച്ചു. പ്രൊക്കുറേറ്റർ ഫാ. ജോഷി പുതുവ എം.എൽ.എ. മാർക്ക് ആശംസകൾ നേർന്നു.

മറുപടി പ്രസംഗത്തിൽ, അതിരൂപതാ പാസ്റ്ററൽ കൗൺസിലിൽ തങ്ങൾക്കു സ്വീകരണമൊരുക്കിയതിൽ അതീവസന്തോഷമുണ്ടെന്ന് എം.എൽ.എ.-മാർ പറഞ്ഞു.

വിവിധ മേഖലകളിൽ സ്തുത്യർഹമായ ശുശ്രൂഷകൾ നിർവഹിക്കുന്ന സിസ്റ്റർ ജിസ, സിസ്റ്റർ ലിറ്റിൽ തെരേസ് സി.എം.സി., ദേവസിക്കുട്ടി പുതുശേരി എന്നിവരെ ആദരിച്ചു. സോഷ്യൽ സർവീസ് കമ്മീഷൻ കൺവീനർ സെമിച്ചൻ ജോസഫ് മൂവരെയും പരിചയപ്പെടുത്തി.

**** പുസ്തകപ്രകാശനം***

അതിരൂപതാംഗവും എഴുത്തുകാരനുമായ കിടങ്ങൂർ കർത്താവിന്റെ 'ബൈബിൾ സ്തുതികൾ' എന്ന പുതിയ പുസ്തകം ബിഷപ് മാർ പുത്തൻവീട്ടിലിനു നൽകി മേജർ ആർച്ച്ബിഷപ് പ്രകാശനം ചെയ്തു. അങ്കമാലി ഫൊറോനാ വികാരി റവ. ഡോ. കുര്യാക്കോസ് മുണ്ടാടൻ ഗ്രന്ഥവും ഗ്രന്ഥകാരനെയും പരിചയപ്പെടുത്തി. കിടങ്ങൂർ കർത്താവിന്റെ കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

**** മുൻ യോഗത്തിന്റെ നിർദേശങ്ങൾ***

മാർച്ച് 12-ലെ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ കുടുംബകൂട്ടായ്മകളെക്കുറിച്ചു നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലുള്ള 31 പ്രായോഗിക നിർദേശങ്ങൾ അതിരൂപതാ വൈസ് ചാൻസലറും കുടുംബകൂട്ടായ്മ ഡയറക്ടറുമായ റവ. ഫാ. ജോർജ് കളപ്പുരയ്ക്കൽ അവതരിപ്പിച്ചു. നിർദ്ദേശങ്ങളുടെ പകർപ്പ് അംഗങ്ങൾക്കു വിതരണം ചെയ്തു.

**** ക്രൈസ്തവസാക്ഷ്യം***

ക്രൈസ്തവസാക്ഷ്യം: വ്യക്തി, കുടുംബ, സമൂഹ - ജീവിതത്തിൽ എന്ന വിഷയം അതിരൂപത മതബോധന ഡയറക്ടർ റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ അവതരിപ്പിച്ചു. യേശുവിലുള്ള വിശ്വാസവും യേശുവിന്റെ വിശ്വാസവും തമ്മിൽ പൊരുത്തമുണ്ടാകുന്നിടത്താണു ക്രൈസ്തവസാക്ഷ്യം അർത്ഥപൂർണ്ണമാകുന്നതെന്ന് അദ്ദേഹം വിശദീകരിച്ചു. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണെന്നും നിങ്ങൾ എനിക്കു

സാക്ഷികളാകണമെന്നുമുള്ള ക്രിസ്തുവിന്റെ ആഹ്വാനങ്ങളോടു നാം എത്രമാത്രം നീതി പുലർത്തുന്നുവെന്ന് ആലോചിക്കണം. വ്യക്തിയാണു സന്ദേശം. ആധുനിക ജീവിതത്തിലെ സങ്കീർണമായ സാഹചര്യങ്ങളെ തിരിച്ചറിഞ്ഞു ക്രൈസ്തവസാക്ഷ്യം കൂടുതൽ ആഴപ്പെടുത്തേണ്ടതുണ്ടെന്നും വിഷയാവതാരകൻ ചൂണ്ടിക്കാട്ടി.

സിസ്റ്റർ ലിറ്റിൽ തെരേസ് സി.എം.സി., മിനി പോൾ, പ്രൊഫ. തൊമ്മച്ചൻ സേവ്യർ എന്നിവർ ക്രൈസ്തവ സാക്ഷ്യത്തിന്റെ വ്യക്തി, കുടുംബ, സമൂഹ തലങ്ങളെക്കുറിച്ചു നീരീക്ഷണങ്ങൾ പങ്കുവച്ചു. ഈശോ അനുഭവിച്ച ആന്തരികസ്വാതന്ത്ര്യമാണു ലാളിത്യത്തിന്റെ ഉദാത്തഭാവമെന്നു സിസ്റ്റർ ലിറ്റിൽ തെരേസ് പറഞ്ഞു. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിലാണു കുടുംബാംഗങ്ങളുടെ പ്രധാന ക്രൈസ്തവസാക്ഷ്യമെന്നും ആർഭാടങ്ങളിൽ ക്രിസ്തുസാക്ഷ്യമില്ലെന്നും മിനി പോൾ നിരീക്ഷിച്ചു. സാക്ഷ്യം വികാരങ്ങളിൽ നിന്നല്ല, വിചാരങ്ങളിൽ നിന്നുണ്ടാവണമെന്നാണു പ്രഫ. തൊമ്മച്ചൻ വ്യക്തമാക്കിയത്. സാമൂഹ്യവിഷയങ്ങളിൽ വ്യക്തമായ നിലപാടുകൾ ഉണ്ടാവണമെന്നും എതിർസാക്ഷ്യങ്ങളിൽ തിരുത്തൽ വേണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മതബോധന കമ്മീഷൻ കൺവീനർ ബോബി പോൾ സെഷനിൽ മോഡറേറ്ററായി.

**** കർമപരിപാടികൾ, അറിയിപ്പുകൾ***

അതിരൂപതയുടെ കർമപരിപാടികൾ ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് വിശദീകരിച്ചു. മൈനർ സെമിനാരിയിൽ 40 പുതിയ അംഗങ്ങൾ, മദർ തെരേസയുടെ വിശുദ്ധപദവിയോടനുബന്ധിച്ച് സെപ്റ്റംബർ 24-നു കൊച്ചിയിലുള്ള ആഘോഷങ്ങൾ, തൃക്കാക്കര, കൊതവറ കോളജുകളിലെ പ്രവേശന നടപടികൾ, സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ, അധ്യാപകരുടെ ജോലിനഷ്ടം, വീടില്ലാത്തവർക്കായി കെ.സി.ബി.സി. തലത്തിൽ ആരംഭിക്കുന്ന പുതിയ പദ്ധതി, കാരുണ്യയാത്ര, സഭ നടത്തുന്ന ബാലികാമന്ദിരങ്ങൾ ജെജെ ആക്ടിലൂടെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പിതാവ് വിശദീകരണം നൽകി. ഇടവകകളിൽ 'ട്രസ്റ്റി' (Trustee) എന്ന പേര് ഉപയോഗിക്കുന്നത് ഉചിതമല്ലെന്നും 'കൈക്കാരൻ' എന്നതാണ് ഉപയോഗിക്കേണ്ടതെന്നും പിതാവ് അറിയിച്ചു.

**** പുതിയ അംഗങ്ങൾ***

അയിരൂർ ഇടവകാംഗമായ അങ്കമാലി എം.എൽ.എ. റോജി എം. ജോണിനെ പാസ്റ്ററൽ കൗൺസിൽ അംഗമായി ആർച്ച്ബിഷപ് നോമിനേറ്റു ചെയ്തതായി പിതാവ് അറിയിച്ചു. കൂടാതെ സീറോമലബാർ സഭാ ആസ്ഥാനത്തു വിവിധ കമ്മീഷനുകളുടെയും വിഭാഗങ്ങളുടെയും ചുമതല വഹിക്കുന്ന അതിരൂപതയിൽ നിന്നുള്ള വൈദികർ, അല്മായർ, അതിരൂപതാ പി.ആർ.ഒ., നിവേദിത, സുബോധന എന്നീ പാസ്റ്ററൽ സെന്ററുകളുടെ ഡയറക്ടർമാർ എന്നിവർ പാസ്റ്ററൽ കൗൺസിലിന്റെ ഭാഗമായിരിക്കുമെന്നു ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് അറിയിച്ചു. ഇതുപ്രകാരം റവ. ഡോ. ജോസ് ചിറമേൽ, (മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രിബ്യൂണൽ പ്രസിഡന്റ്), റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് (സഭയുടെ ഔദ്യോഗിക വക്താവ്, മതബോധന കമ്മീഷൻ സെക്രട്ടറി), റവ. ഡോ. പീറ്റർ കണ്ണമ്പുഴ (എൽ.ആർ.സി. എക്സിക്യൂട്ടീവ് ഡയറക്ടർ), റവ. ഫാ. ജിമ്മി കർത്താനം (ക്ലെർജി കമ്മീഷൻ സെക്രട്ടറി), അഡ്വ. ജോസ് വിതയത്തിൽ (അല്മായ കമ്മീഷൻ സെക്രട്ടറി), അതിരൂപത പി.ആർ.ഒ. (റവ. ഡോ. പോൾ കരേടൻ), നിവേദിത ഡയറക്ടർ (റവ. ഡോ. വർഗീസ് പുളിക്കൽ), സുബോധന ഡയറക്ടർ (ഫാ. ഷിനു ഉതുപ്പാൻ), (അതിരൂപതയിൽ നിന്നുള്ള സീറോമലബാർ അസ്സോസിയേറ്റ് പി.ആർ.ഒ.) എന്നിവരെ പാസ്റ്ററൽ കൗൺസിലിൽ ഉൾപ്പെടുത്തിയതായും മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വ്യക്തമാക്കി.

**** സി. സി. ഐ. പ്രതിനിധികൾ***

കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സി.സി.ഐ.) യിലേക്കുള്ള അതിരൂപത പ്രതിനിധികളായ പി.പി. ജരാർദ്ദ് (ആയത്തുപടി), സെമിച്ചൻ ജോസഫ് (വെള്ളാരപ്പിള്ളി), മിനി പോൾ (മുട്ടത്തിപ്പറമ്പ്), സൈന ആന്റു (മേക്കാട്) എന്നിവർ ജൂലൈ അവസാനവാരം ഹൈദരാബാദിൽ നടക്കുന്ന നാഷണൽ കോൺഫറൻസിൽ പങ്കെടുക്കുമെന്നു പിതാവ് അറിയിച്ചു. പുതിയ അംഗങ്ങൾക്കു സ്വാഗതവും വിശുദ്ധ അന്തോണീസിന്റെ തിരുനാളിനോടനുബന്ധിച്ചു ആന്റണി നാമധാരികൾക്ക് ആശംസകളും നേർന്നു.

**** ഓപ്പൺഫോറം***

തുടർന്നു പൊതുചർച്ചയിൽ വിദ്യാഭ്യാസ കമ്മീഷൻ കൺവീനർ എസ്.ഡി. ജോസ് മോഡറേറ്ററായി. അതിരൂപതയ്ക്ക് അജപാലന, കുടുംബനയം വേണം, ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനു ഊർജ്ജിത ശ്രമം വേണം, സഭാപ്രസിദ്ധീകരണങ്ങളുടെ പേരും ഉള്ളടക്കവും ഉണ്ടാക്കുന്ന ആശയക്കുഴപ്പങ്ങൾ, കോർപറേറ്റ് മാനേജ്മെന്റിലെ ഒഴിവുകൾ, കർദിനാൾ പാറേക്കാട്ടിലിനെ പുതുതലമുറയ്ക്കു പരിചയപ്പെടുത്താൻ അദ്ദേഹത്തിന്റെ രചനകൾ പ്രസിദ്ധീകരിക്കണം, ഇടവകകളിൽ കരിസ്മാറ്റിക് ശുശ്രൂഷ ചെയ്യുന്ന അല്മായരുടെ അംഗീകാരം, മരണവീടുകളിലെ വീഡിയോ ഉപയോഗം, പള്ളിയിലെ വസ്ത്രധാരണം മാന്യമാകുന്നതിനു പൊതുനയം വേണം, കത്തോലിക്കാ കോൺഗ്രസിന്റെ സ്വീകാര്യത, ശമ്പളമില്ലാത്ത അധ്യാപകരുടെ വിഷയത്തിൽ ഇടപെടൽ വേണം, കുടുംബങ്ങളിലും ആഘോഷങ്ങളിലും മദ്യം ഒഴിവാക്കാൻ ഉറച്ച നിലപാടുണ്ടാവണം, തിരുനാളുകളിലെ വെടിക്കെട്ട് ഒഴിവാക്കാൻ തീരുമാനമുണ്ടാകണം, കുവൈറ്റിലെ സീറോമലബാർ വിശ്വാസികൾക്കിടയിലെ തർക്കങ്ങൾ, മൃതസംസ്കാരശുശ്രൂഷകൾക്കുള്ള നിയമങ്ങളിൽ വ്യക്തത വേണം, സഭാകോടതികളിലെ നടപടികളിലെ കാലതാമസം തുടങ്ങിയ അഭിപ്രായങ്ങളും ആവശ്യങ്ങളും പൊതുചർച്ചയിൽ അംഗങ്ങൾ ഉന്നയിച്ചു. മേജർ ആർച്ച്ബിഷപ്പും സഹായമെത്രാന്മാരും ചർച്ചകൾക്കു മറുപടിയും വിശദീകരണവും നൽകി.

സാബു ജോസ്, എം. വി. ഷാജു, പി. പി. ജരാർദ്ദ്, കെ. ടി. തോമസ്, ടെസി ജോസഫ്, ബോബി ജോൺ മലയിൽ, സാജു തായങ്കരി, സെബാസ്റ്റ്യൻ വടശേരി, സൈന ആന്റു, ഫാ. ജോർജ് നേരേവീട്ടിൽ, ടോമി എബ്രഹാം, മത്തായി മുതിരേന്തി എന്നിവർ ഓപ്പൺ ഫോറത്തിൽ പങ്കെടുത്തു സംസാരിച്ചു.

യൂത്ത് കമ്മീഷൻ കൺവീനർ ആന്റണി പാലിമറ്റം യോഗത്തിൽ കൃതജ്ഞത പറഞ്ഞു. പിതാക്കന്മാരുടെ പ്രാർത്ഥനാശീർവാദത്തോടെ യോഗം സമാപിച്ചു.

സിജോ പൈനാടത്ത്
സെക്രട്ടറി

# നിവേദിത, ചുണങ്ങംവേലി

ഇ–മെയിൽ: nivedithaekm@gmail.com

## November - December 2016

| | | |
|---|---|---|
| 1. | Jubilee Preparation Programme | : November 02 - 30 |
| 2. | Priests' Batch Gathering | : November 09-10 |
| 3. | K.C.M.S. – Animation Programme | : November 19 |

## 1. Retreat for Sisters: December 26 - 31, 2016

ക്രിസ്തുമസ്സ് അവധിക്കാലത്ത് നിവേദിതയിൽ സിസ്റ്റേഴ്സിന് ധ്യാനം ഒരുക്കിയിരിക്കുന്നു. 2016 ഡിസംബർ 26 തിങ്കൾ വൈകിട്ട് 06.00 മണി മുതൽ 31 ശനി 1.00 മണിക്ക് അവസാനിക്കുന്നു. ധ്യാനം നയിക്കുന്നത് ബഹുമാനപ്പെട്ട **ഡാനി OFM. Cap.** അച്ചനാണ്. (ഡയറക്ടർ, സാൻ പിയോ ധ്യാനകേന്ദ്രം, കൊല്ലം). പങ്കെടുക്കാൻ താത്പര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9387074646, 9847558054**

**0484–2837375 നമ്പറുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.**

ഫാ. വർഗ്ഗീസ് പുളിക്കൽ
ഡയറക്ടർ

# സുബോധന പാസ്റ്ററൽ സെന്റർ, അങ്കമാലി.

***Dux ad Historiam:*** **ഭാരത സുറിയാനി ക്രൈസ്തവ ചരിത്രവും എറണാകുളം-അങ്കമാലി അതിരൂപതയുടെ സംഭാവനകളും**

## ചരിത്ര പഠന സെമിനാർ

2016 ഡിസംബർ 4-ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ

2.00 – രജിസ്ട്രേഷൻ

2.30 – ഉദ്ഘാടനം - ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

3.00 – **സെഷൻ 1**
വിഷയം: **എറണാകുളം-അങ്കമാലി അതിരൂപതയുടെ ഉത്ഭവവും വളർച്ചയും ഭാരതസഭയിൽ**
(റവ. ഡോ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി)

4.00 – **സെഷൻ 2**
വിഷയം: **ദാർശനിക-വൈജ്ഞാനിക മേഖലയിൽ ഭാരത-സഭാചരിത്രത്തിലെ അതിരൂപതയുടെ അദ്വിതീയ സ്ഥാനം**
(റവ. ഡോ. പോൾ തേലക്കാട്ട്)

4.30 – **സെഷൻ 3**
വിഷയം: **ഭാരത സഭക്ക് ദൈവശാസ്ത്ര-ആരാധന ക്രമ-സാംസ്ക്കാരിക അനുരൂപണ രംഗത്തെ അതിരൂപതയുടെ സംഭാവനകൾ** (റവ. ഡോ. ആന്റണി നരികുളം)

തുടർന്ന് പൊതു ചർച്ചയും സംവാദവും. ഏവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു

## സർട്ടിഫിക്കറ്റ് കോഴ്സ്

(കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം)

കത്തോലിക്കാ സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന അടിസ്ഥാന സത്യങ്ങൾ ഉൾക്കൊള്ളുന്ന മതബോധന ഗ്രന്ഥത്തെ ആസ്പ

ദമാക്കി 4 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് സുബോധനയിൽ ആരംഭിക്കുന്നു. ഡിസംബർ 7-ന് കോഴ്സ് ആരംഭിക്കും. എല്ലാ ബുധനാഴ്ചയും വൈകിട്ട് 6.00 മുതൽ 8.00 വരെ ആയിരിക്കും ക്ലാസുകൾ. ആദ്യം പേരു തരുന്ന 50 പേർക്കായിരിക്കും പ്രവേശനം. രജിസ്ട്രേഷൻ ഫീസ് 750 രൂപ. അല്മായർക്കും ബഹു. സിസ്റ്റേഴ്സിനും പങ്കെടുക്കാം. വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഈ കോഴ്സ് ഏറെ ഉപകാരപ്രദമായിരിക്കും.

## ഫാക്കൽറ്റി അംഗങ്ങൾ

റവ. ഡോ. ജോസ് പുതിയേടത്ത്
റവ. ഡോ. വിൻസെന്റ് കുണ്ടുകുളം
റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ
റവ. ഡോ. പീറ്റർ കണ്ണമ്പുഴ
റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ

**ഫാ. ഷിനു ഉതുപ്പാൻ**
**ഡയറക്ടർ**

---



## നിര്യാതരായി



### സി. ബേസിൽ S.A.B.S.

(മേരി കണ്ണമ്പുഴ, കരിപ്പാശ്ശേരി)
അഡോറേഷൻ പ്രൊവിൻഷ്യൽ ഹൗസ്, കളമശ്ശേരി.
ജനനം : 07/05/1939
വ്രതവാഗ്ദാനം : 22/04/1961
മരണം : **17/10/2016**



### സി. ബുദൻസിയാന C.M.C.

ഇൻഫന്റ് ജീസസ് കോൺവെന്റ്, പറവൂർ.
ജനനം : 13/11/1928
വ്രതവാഗ്ദാനം : 03/02/1948
മരണം : **17/10/2016**

## സി. മേരി ജോസ്ഫ C.M.C.



സെന്റ് ട്രീസാസ് കോൺവെന്റ്, കൂനമ്മാവ്.

| | | |
|---|---|---|
| ജനനം | : | 12/06/1926 |
| വ്രതവാഗ്ദാനം | : | 03/02/1948 |
| മരണം | : | **07/10/2016** |

## സി. ബോർജിയ C.S.N.



നസ്രത്ത് കോൺവെന്റ്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 21/08/1939 |
| വ്രതവാഗ്ദാനം | : | 25/03/1963 |
| മരണം | : | **26/09/2016** |

## സി. ഫ്രാൻസിസ്ക C.S.N.



നസ്രത്ത് കോൺവെന്റ്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 30/08/1928 |
| വ്രതവാഗ്ദാനം | : | 25/03/1957 |
| മരണം | : | **15/07/2016** |

## സി. റോസിലിൻഡ് M.S.J.



(തങ്കമ്മ കൂവാലൂർ, കടപ്ലാമറ്റം)
നിർമ്മല പ്രോവിൻഷ്യൽ ഹൗസ്, ആലുവ.

| | | |
|---|---|---|
| ജനനം | : | 08/09/1937 |
| വ്രതവാഗ്ദാനം | : | 24/09/1959 |
| മരണം | : | **06/10/2016** |

# വാർത്തകളും വിശേഷങ്ങളും

## മറ്റുള്ളവരിലെ തിന്മയേക്കാൾ നന്മയെ കാണാൻ ശ്രമിക്കുക- ഫ്രാൻസിസ് മാർപാപ്പ

യേശുവിന്റെ രക്ഷാകര പ്രവർത്തനം മനുഷ്യവംശം മുഴുവനേയും ഉൾക്കൊള്ളുന്നു. ചുങ്കക്കാരനായ സക്കേവൂസിനെപ്പോലും പരിഗണിക്കുവാൻ അവിടുന്ന് തയ്യാറായി. സക്കേവൂസിന്റെ നേർക്കുള്ള യേശുവിന്റെ കരുണാർദ്രമായ നോട്ടം അവന്റെ പാപങ്ങളെപ്പോലും മറികടക്കുന്നതായിരുന്നു. തന്റെ പിതാവായ ദൈവത്തിന്റെ കണ്ണുകളിലൂടെയാണ് യേശു പാപികളെ കടാക്ഷിച്ചത്. ആ നോട്ടം അവരുടെ പാപപങ്കിലമായ ഭൂതകാലത്തിൽ നിറുത്തുന്നില്ല. മറിച്ച്, മാനസാന്തരപൂർണ്ണമായ അവരുടെ നല്ല ഭാവിയെ ഉറ്റുനോക്കിക്കൊണ്ടുള്ളതായിരുന്നു. തെറ്റു ചെയ്യുന്നവരെ ശാസിച്ച് നേരേയാക്കുവാനാണ് പലപ്പോഴും നമ്മൾ ശ്രമിക്കുക. പാപിയാണെങ്കിലും അവനിലുള്ള നന്മയുടെ വശം കാണിച്ചുകൊടുത്തുകൊണ്ട് അവനെ നേർവഴിക്ക് തിരിക്കുവാനാണ് യേശു ശ്രമിച്ചത്. അവിടത്തെ മാതൃക നമുക്കും സ്വായത്തമാക്കാൻ കഴിയണമെന്ന് മാർപാപ്പ ഉദ്ബോധിപ്പിച്ചു.

## പുനരുദ്ധാരണത്തിനായി യേശുവിന്റെ കല്ലറ വീണ്ടും തുറന്നു

ജറുസലെമിൽ സ്ഥിതി ചെയ്യുന്ന തിരുക്കല്ലറ ദേവാലയത്തിലെ യേശുവിന്റെ കല്ലറ തുറന്ന് നടത്തുന്ന പുനരുദ്ധാരണ ജോലികളുടെ ഭാഗമായി യേശുവിന്റെ കല്ലറയുടെ മുകൾഭാഗത്തുള്ള മാർബിൾ ഫലം നീക്കം ചെയ്യപ്പെട്ടു. ആറ് ക്രൈസ്തവ വിഭാഗങ്ങൾ നിലവിൽ ഈ ദേവാലയം ഉപയോഗിക്കുന്നു. ഇവരും നാഷണൽ ജ്യോഗ്രഫിക് സൊസൈറ്റിയും ഏദൻസിലെ നാഷണൽ ടെക്നിക്കൽ മ്യൂസിയവും ചേർന്നാണ് ഈ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നത്. അടുത്ത വർഷം ആദ്യത്തോതോടുകൂടി ഈ പ്രവർത്തനങ്ങൾ പൂർത്തിയാകുമെന്ന് അവർ പ്രതീക്ഷിക്കുന്നു.

# വൊക്കേഷൻ പ്രൊമോഷൻ

**ജീവിത ദർശൻ ക്യാമ്പ്**

10, 12 ക്ലാസ്സുകളിലെ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമായി അവരുടെ ദൈവവിളികൾ വിവേചിച്ചറിയാൻ സഹായിക്കുന്നതിനായി നടത്തപ്പെടുന്ന ജീവിത ദർശൻ ക്യാമ്പുകൾ സെപ്തംബർ 10-ാം തിയതി ഇടപ്പള്ളി ഫൊറോനയിലും, എറണാകുളം ഫൊറോനയിലും, ഒക്ടോബർ 22-ാം തീയതി അങ്കമാലി ഫൊറോനയിലും നടത്തപ്പെടുകയുണ്ടായി. ഈ മൂന്ന് ക്യാമ്പുകളിലായി വിവിധ ഇടവകകളിൽ നിന്നും ഏകദേശം 140 കുട്ടികൾ പങ്കെടുത്തു. ഈ ക്യാമ്പുകളിലേക്ക് കുട്ടികളെ പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാർക്കും പ്രത്യേകമായി നന്ദി പറയുന്നു.

**ഇൻസൈറ്റ്**

ദൈവവിളികളെ കുട്ടികൾക്കും, മാതാപിതാക്കൾക്കും പ്രത്യേകമായി പരിചയപ്പെടുത്തിക്കൊടുക്കുന്ന, പൗരോഹിത്യ സന്ന്യാസ ദൈവവിളികളെ വളർത്തുന്നതിന് അനുകൂലമായ സഹചര്യങ്ങൾ ഇടവകകളിൽ കൂടുതലായി ഉണ്ടാകുന്നതിനും സഹായിക്കുകയും ചെയ്യുന്ന ഇൻസൈറ്റ് (ഇടവക ദൈവവിളി ദിനാചരണം) നടത്തപ്പെടുന്ന ഇടവകകൾ.

## ഇൻസൈറ്റ് 2016:

**നവംബർ 2016**

| | |
|---|---|
| 13 | കാടുകുറ്റി |
| 20 | കരയാംപറമ്പ് |
| 27 | മേലൂർ |

**ഫാ. മാത്യു (ഡെന്നി) കാട്ടയിൽ**
**വൊക്കേഷൻ പ്രൊമോട്ടർ**

# മതബോധന ഡിപ്പാർട്ടുമെന്റ്

## വേദപാഠം: ഒന്നാം സെമസ്റ്റർ പരീക്ഷ

### 2016 നവംബർ 6 ഞായർ

ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പറുകൾ ഫൊറോനകളിലേക്ക് എത്തിച്ചിട്ടുണ്ട്. **ചോദ്യപേപ്പർ പായ്ക്കറ്റിന്റെ പുറം കവറിൽ എഴുതിയിരിക്കുന്നത് കൃത്യമായി പരിശോധിച്ച് ചോദ്യക്കടലാസുകൾ ആവശ്യത്തിനുണ്ട് എന്ന് ഉറപ്പുവരുത്തുക.** പരീക്ഷാ സംബന്ധമായ ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) **പരീക്ഷയുടെ സമയം രാവിലെ 10.30 മുതൽ 12.30 വരെയാണ്.** പരീക്ഷ ആരംഭിക്കുന്നതും അവസാനിക്കുന്നതും **കൃത്യസമയത്തു തന്നെയായിരിക്കാൻ** പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. **സെമസ്റ്റർ പരീക്ഷകൾ സ്കോളർഷിപ്പു പരീക്ഷയായിക്കൂടി കണക്കാക്കുന്നതിനെക്കുറിച്ച് അറിയാമല്ലോ. മറ്റു സമയങ്ങളിൽ ക്ലാസ്സ് നടത്തുന്നവരും പരീക്ഷാദിവസം രാവിലെ 10.30 മുതൽ 12.30 വരെ എന്നുള്ള സമയക്രമം പാലിക്കണം. അങ്ങനെ അല്ലാത്ത യൂണിറ്റുകളിൽനിന്ന് സ്കോളർഷിപ്പിന് അർഹതയുള്ളവരെ സ്വീകരിക്കാനാവില്ല എന്ന് ഇതിനു മുമ്പ് അറിയിച്ചിട്ടുള്ളത് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.**

2) പരീക്ഷ എഴുതുന്ന കുട്ടിയുടെ **വീട്ടുപേര്, പിതാവിന്റെ പേര്, കുട്ടിയുടെ പേര്, ക്ലാസ്സ്, ഇടവക** എന്നിവ ഉത്തരക്കടലാസിന്റെ മുകളിൽ രേഖപ്പെടുത്തുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

3) 4 മുതൽ 9 വരെ ക്ലാസ്സുകളിലെ ഉത്തരക്കടലാസുകൾ പരിശോധിച്ച് **80 ശതമാനമോ (35 ൽ 28, *separate minimum*) അതിൽ കൂടുതലോ മാർക്കുള്ള** ഉത്തരക്കടലാസുകളും അവരുടെ മാത്രം മാർക്ക് ലിസ്റ്റും *നവംബർ* **22-ാം തീയതിക്കകം** ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. മൂല്യനിർണയത്തിൽ ഉത്തരങ്ങളെപ്പറ്റിയുള്ള ആഴമായ അറിവും, കൃത്യതയും, വ്യക്തതയും, നീതിബോധവും, സത്യസന്ധതയും (*comprehension, sharpness, clarity, justice, truthfulness*) പാലിക്കണം. **സ്കോളർഷിപ്പ് കുട്ടികൾക്ക് പ്രോത്സാഹനം എന്ന**

പോലെ തന്നെ ഏറ്റവും മിടുക്കരായ കുട്ടികളെ കണ്ടെത്താനുള്ള അവസരവുമായതിനാൽ answer key നോക്കി ഉത്തരവാദിത്വത്തോടെ മൂല്യനിർണയം നടത്തുക. ഇവിടെ മൂല്യനിർണ്ണയം നടത്തുമ്പോൾ 80 ശതമാനം മാർക്കില്ലാത്ത പേപ്പറുകൾ തിരിച്ചയക്കുന്നതാണ്. രണ്ടുപരീക്ഷയ്ക്കും 80 ശതമാനം മാർക്കു വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ഉണ്ടാകുക. പെട്ടെന്ന് പുനർ മൂല്യനിർണ്ണയം നടക്കുന്നതിനാൽ *നവംബർ* 22-നു ശേഷം ലഭിക്കുന്ന ഉത്തരക്കടലാസുകൾ പരിഗണിക്കുന്നതല്ല. ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഇതോടൊപ്പമുള്ള മോഡൽ ഉപയോഗിക്കുക. നാലാം ക്ലാസ്സ് മുതൽ തുടർച്ചയായി എഴുതണം. ഇപ്പോൾ 1 Sem മാത്രം എഴുതുക.

4) **സെമസ്റ്റർ പരീക്ഷകൾ സ്കോളർഷിപ്പു പരീക്ഷയായിക്കൂടി കണക്കാക്കുന്നതിനാൽ എല്ലാ ചോദ്യങ്ങൾക്കും നിസ്സാരമായി ഉത്തരമെഴുതാനാവില്ല എന്നും അറിഞ്ഞിരിക്കുക. കുറേ ചോദ്യങ്ങൾ നിസ്സാരമായി എഴുതാനാവുമ്പോൾ 10/15 മാർക്കുകൾക്ക് ഉത്തരമെഴുതാൻ പാഠപുസ്തകവും പൊതുപഠനങ്ങളും കൃത്യമായി അറിഞ്ഞിരിക്കണം. ഏറ്റവും മിടുക്കരെ കണ്ടെത്താനുള്ള പരീക്ഷകൂടി ആയതിനാൽ രണ്ടു കാര്യങ്ങളോടും നീതി പുലർത്തണമല്ലോ.**

5) പത്താം ക്ലാസ്, ഡിപ്ളോമ കോഴ്സ് എന്നിവയെ സംബന്ധിച്ചിടത്തോളം ജനുവരി 26-ന് നടക്കുന്ന പൊതുപരീക്ഷകളുടെ മുന്നോടിയായി ഇപ്പോൾ നടത്തുന്ന മോഡൽ പരീക്ഷകളുടെ പേപ്പർ വാല്യുവേഷൻ അതാത് യൂണിറ്റുകളിൽ നടത്തേണ്ടതാണ്. അവയുടെ ഉത്തരക്കടലാസുകളോ മാർക്കുലിസ്റ്റോ മതബോധന കേന്ദ്രത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

6) **4 മുതലുള്ള ക്ലാസ്സുകളിലെ Answer Key പരീക്ഷാദിവസം (06/11/2016) ഉച്ചകഴിഞ്ഞ് 1-ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗൺലോഡ്ചെയ്ത് എടുക്കാവുന്നതാണ്.**

7) ചോദ്യക്കടലാസ്സുകൾക്ക് എണ്ണത്തിൽ കുറവോ മറ്റോ ഉണ്ടെങ്കിൽ **പരീക്ഷാദിവസം (06/11/2016) രാവിലെ 10.30-ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗൺലോഡ്ചെയ്ത് എടുക്കാവുന്നതാണ്. രാവിലെ 10.30-നു മുൻപ് അവിടെ** ചോദ്യക്കടലാസുകൾ ഉണ്ടാവില്ല.

## ബ. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധക്ക്

അതിരുപത വേദപാഠ വിഭാഗത്തിനു നൽകുന്ന എല്ലാ പിന്തുണയ്ക്കും സഹകരണത്തിനും നന്ദി പറയുന്നു. നമ്മുടെ അതിരൂപതയിൽ ഈ വർഷം എല്ലാ ഫൊറോനകളിലും വേദപാഠാദ്ധ്യാപകരുടെ കൺവെൻഷൻ (കാഞ്ഞൂർ -ഒക്ടോബർ 29; വല്ലം - നവംബർ 12) നടന്നുവല്ലോ. കൺവെൻഷന്റെ സമയത്ത് നൽകിയ ക്ലാസ്സ് വേദാപാഠാദ്ധ്യാപകരുടെ തുടർ പരിശീലനം മനസ്സിൽ വച്ചുകൊണ്ടും ഈ ശുശ്രൂഷയെ ക്രിസ്തീയ ദൗത്യത്തിന്റെ ഭാഗമായി കാണണ മെന്നുള്ള ദർശനം വ്യക്തമാക്കികൊണ്ടുമാണ് അവതരിപ്പിച്ചത്. ഫ്രാൻസിസ് മാർപാപ്പയുടെ "സുവിശേഷത്തിന്റെ സന്തോഷം" എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ ചൈതന്യം ഉൾക്കൊണ്ടു കൊണ്ടും ഈ വർഷത്തെ "കരുണയായ് സാക്ഷ്യമേകാൻ" എന്ന പ്രമേ യത്തെ അധികരിച്ചും കുട്ടികളോട് എടുക്കേണ്ട സമീപനത്തെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ആ ഇടവകയിൽ നിന്നും വേദപാഠാദ്ധ്യാ പകരെ അയച്ചതിന് നന്ദി പറയുന്നു. എന്നാൽ പല ഇടവകകളിൽനിന്നു മായി പലവിധ കാരണങ്ങളാൽ ക്ലാസ്സിൽ പങ്കെടുക്കാൻ സാധിക്കാത്ത വർക്കായി വീണ്ടും അർദ്ധദിന ക്ലാസ്സ് സംഘടിപ്പിക്കുകയാണ്. തുടർപരിശീലന പരിപാടികളിൽ എല്ലാ വേദപാഠാദ്ധ്യാപകരും പങ്കെടുക്കണമെന്ന നിർബന്ധം വയ്ക്കുന്നത് നല്ലതാണെന്നു കരുതുന്നു. ഫൊറോനകളിൽ നിന്നും നൽകിയ ലിസ്റ്റനുസരിച്ച് (കാഞ്ഞൂർ, വല്ലം ഒഴികെ) ഓരോ ഇടവകയിൽ നിന്നും പങ്കെടുക്കാത്തവരുടെ പേരുകൾ ഫൊറോന സെക്രട്ടറി വഴി കൊടുത്തു വിട്ടത് കിട്ടിക്കാണുമെന്ന് കരുതുന്നു. വരാത്തവരുടെ ലിസ്റ്റിന്റെ കോപ്പി ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് -നെയും ഏല്പിച്ചിട്ടുണ്ട്.

1. തിയതി: **നവംബർ 20 ഞായറാഴ്ച**
   സമയം: ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ
   സ്ഥലം: കലൂർ റിന്യുവൽ സെന്റർ
   ഫൊറോനകൾ: തൃപ്പൂണിത്തറ, എറണാകുളം, പറവൂർ, ഇടപ്പള്ളി, കിഴക്കമ്പലം

2. തിയതി: **നവംബർ 27 ഞായറാഴ്ച**
സമയം: ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ
സ്ഥലം: അങ്കമാലി സുബോധന പാസ്റ്ററൽ സെന്റർ
ഫൊറോനകൾ: അങ്കമാലി, കറുകുറ്റി, മൂക്കന്നൂർ, മൂഴിക്കുളം

3. തിയതി: **ഡിസംബർ 4 ഞായറാഴ്ച**
സമയം: ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ
സ്ഥലം: അങ്കമാലി സുബോധന പാസ്റ്ററൽ സെന്റർ
ഫൊറോനകൾ: കാഞ്ഞൂർ, കൊരട്ടി, മഞ്ഞപ്ര, വല്ലം

4. തിയതി: **ഡിസംബർ 11 ഞായറാഴ്ച**
സമയം: ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ
സ്ഥലം: നടേൽ ലിറ്റിൽ ഫ്ളവർ പള്ളി
ഫൊറോനകൾ: ചേർത്തല, പള്ളിപ്പുറം, വൈക്കം

## BASIC ORIENTATION COURSE

(വേദപാഠാദ്ധ്യാപകർക്കുള്ള അടിസ്ഥാന പരിശീലനം)

വേദപാഠാദ്ധ്യാപകർക്കുള്ള അടിസ്ഥാന പരിശീലന ക്ലാസ്സ് (Basic Orientation Course) ഈ വർഷം മൂന്നെണ്ണം നടത്തുകയുണ്ടായി. കലൂർ റിന്യുവൽ സെന്റർ (പങ്കെടുത്തവർ - 219), അങ്കമാലി സുബോധന (പങ്കെടുത്തവർ - 149), ആലുവ നിവേദിത (താമസിച്ചുള്ളത് - പങ്കെടുത്തവർ 56) എന്നീ സ്ഥലങ്ങളിൽ വച്ചാണ് നടത്തിയത്. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ മൂന്നു സെന്ററുകളിലുമായി പേരു നൽകിയവരിൽ 156 പേർ പലവിധ കാരണങ്ങളാലാകം പങ്കെടുത്തിട്ടില്ല. ഇതുവരെയും പങ്കെടുക്കാത്തവർക്കുവേണ്ടി **2017 മാർച്ച് 11-12 (ശനി, ഞായർ)** തീയതികളിൽ പരിശീലന ക്ലാസ്സ് വീണ്ടും സംഘടിപ്പിക്കുകയാണ്. രജിസ്റ്റർ ചെയ്തിട്ടും പങ്കെടുക്കാത്തവരുടെ പേരുകൾ അയച്ചു തരുന്നതാണ്. വേദപാഠാദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനവും തുടർപരിശീലനവും കിട്ടേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. വേദപാഠാദ്ധ്യാപകർക്കുള്ള പരിശീലനത്തിന് പോകാത്തവരെയും, അടുത്തവർഷം ആരെയെങ്കിലും അദ്ധ്യാപകരായി നിയമിക്കാൻ

തീരുമാനിച്ചിട്ടുണ്ടെങ്കിൽ അവരെയും വികാരിയച്ചൻ പ്രത്യേക താല്പര്യമെടുത്ത് പറഞ്ഞയക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. രണ്ടു ദിവസവും മുഴുവൻ സമയവും പങ്കെടുക്കണമെന്ന കാര്യവും അവരോട് പറയുമല്ലോ.

## പ്രധാന പരിപാടികൾ

**നവംബർ 2016**

| | |
|---|---|
| 04 വെള്ളി: | വി. ചാൾസ് ബറോമിയയുടെ തിരുനാൾ (വേദപാഠാദ്ധ്യാപകരുടെ മദ്ധ്യസ്ഥൻ) |
| 06 ഞായർ: | ഒന്നാം സെമസ്റ്റർ പരീക്ഷ 10.30 am - 12.30 pm, വേദപാഠാദ്ധ്യാപക ദിനാഘോഷം. |
| 12 ശനി: | ENLIGHT - വൈക്കം. |
| | വേദപാഠാദ്ധ്യാപക കൺവെൻഷൻ– വല്ലം . |
| 13 ഞായർ: | ALIVE - അങ്കമാലി. |
| 20 ഞായർ: | ക്രിസ്തുവിന്റെ രാജത്വ തിരുന്നാൾ (പ്രഘോഷണ ദിനം) |
| 22 ചൊവ്വ: | ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് 80% ത്തിലധികം മാർക്ക് കിട്ടിയ ഉത്തരക്കടലാസുകളും, മാർക്ക് ലിസ്റ്റും ഫൊറോനായിൽ എത്തിക്കേണ്ട അവസാന തിയതി. |
| 30 ബുധൻ : | ഒന്നാം സെമസ്റ്റർ പരീക്ഷയുടെ മാർക്ക് ഓൺലൈനിൽ കയറ്റാനുള്ള അവസാന തീയതി. |

**ഡിസംബർ 2016**

| | |
|---|---|
| 03 ശനി: | ദർശന കൗൺസിലേഴ്സ് മീറ്റ് –10.00 am - 4.00 pm. |
| | S.M.C.C. പ്രതിഭാ സംഗമം, റിന്യൂവൽ സെന്റർ, കലൂർ. – 9.00 am - 4.00 pm. |
| 10 ശനി: | ENLIGHT - വല്ലം. |

**ഫാ. ജോയ്സ് കൈതക്കോട്ടിൽ**

**ഡയറക്ടർ**

## ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

# 2016 NOVEMBER - DECEMBER

## I. Marriage Preparation Course (MPC)

| | | | |
|---|---|---|---|
| Nov. | 07-09 [Pair] Kaloor | Dec. | 05-07[ Single] Kaloor |
| Nov. | 14-16 [Single] Kaloor | Dec. | 12-14[Pair] Kaloor |
| Nov. | 15-17[Pair] Kalady | Dec. | 13-15[Pair] Kalady |
| Nov. | 21-23[Single]Kaloor | Dec. | 19-21 [Single] Kaloor |
| Nov. | 22-24[Pair] Kalady | Dec. | 20-22[Pair] Kalady |
| Nov. | 28-30[Pair] Kaloor | Dec. | 26-28[Pair] Kaloor |
| Nov. | 29-01[Single] Kalady | Dec. | 27-29[Single] Kalady |

## II. Newlyweds' Retreat (Sat. 6.00 pm to Sun. 4.30 pm) (Mob: 9446744111)

Nov. 05-06 Jeevalaya Family Park, Kalady
Dec. 03-04 Jeevalaya Family Park, Kalady

## III. Grace Rings Couples' Retreat [Residential] (Mob:9446335441)

Nov. 10-13 Jeevalaya Family Park, Kalady
Dec. 08-11 Jeevalaya Family Park, Kalady

## IV. Parenting Retreat (Jeevalaya Family Park, Kalady)

മാതാപിതാ-മക്കൾ ബന്ധത്തെ പരിപോഷിപ്പിക്കുന്നതിനായി പാരന്റിംഗ് ധ്യാനം നടത്തുന്നു. മാസത്തിന്റെ നാലാമത്തെ വെള്ളിയാഴ്ച വൈകിട്ട് 6.30-ന് ആരംഭിച്ച് ഞായറാഴ്ച വൈകിട്ട് 4.30-ന് സമാപിക്കുന്ന ധ്യാനത്തിൽ മാതാപിതാക്കളും മക്കളും ഒരുമിച്ച് പങ്കെടുക്കണം. കുട്ടികൾക്കും (5-12), കൗമാരക്കാർക്കും (13-19) വ്യത്യസ്ത ധ്യാനങ്ങളാണ് സംഘടിപ്പിക്കുന്നത്. മക്കളുടെ മനഃശാസ്ത്രം മനസ്സിലാക്കി ആരോഗ്യകരമായി മക്കളോട് പ്രതികരിക്കുവാൻ കഴിയുന്ന പരിശീലനങ്ങളാണ് ധ്യാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബുക്കിംഗിന് വിളിക്കുക: 0484-2462607, 9495950055.

Nov. 18-20 Parenting Teenagers' Retreat (Age 13-19 Years)

**V. Widows Retreat (Jeevalaya Family Park, Kalady)**

യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിധവകൾക്കായി ധ്യാനം നടത്തുന്നു. വൈധവ്യത്തിന്റെ മുറിവുകളെ സുഖപ്പെടുത്തി സന്തോഷകരമായ കുടുംബജീവിതം നയിക്കുവാൻ സഹായിക്കുകയാണ് ഈ ധ്യാനത്തിന്റെ ലക്ഷ്യം. സ്വാഭിമാനം വീണ്ടെടുക്കുക, നിഷേധാത്മക വികാരങ്ങളെ തിരിച്ചറിയുക, പ്രതിസന്ധികളെ അതിജീവിക്കുക, മക്കളെ തനിയെ വളർത്താനുതകുന്ന നിപുണതകൾ പരിശീലിക്കുക എന്നിവയിലാണ് ഈ ധ്യാനം ശ്രദ്ധവയ്ക്കുന്നത്. ആത്മീയവും മനശാസ്ത്രപരവുമായ ശുശ്രൂഷകളിലൂടെയുള്ള ഒരു യാത്രയാണ് ഇത്. 60 വയസ്സിന് താഴെയുള്ള വിധവകളെ മാത്രമാണ് പ്രതീക്ഷിക്കുന്നത്. താത്പര്യമുള്ളവർ വിളിക്കുക. 0484-2462607, 9400929111.

Nov. 25-27 Widows' Retreat

**VI. ഗ്രെയ്സ് റിപ്പിൾസ് നേതൃത്വ പരിശീലനം (IV)**

**നാലാം ഘട്ടം ഒക്ടോബർ മാസത്തിൽ ആരംഭിക്കും**. ഗ്രെയ്സ് റിപ്പിൾസ് യൂണിറ്റ് കോർഡിനേറ്റർ, സെക്രട്ടറി ദമ്പതികൾ, ആനിമേറ്റർ സിസ്റ്റർ, ഫൊറോന ഭാരവാഹികൾ എന്നിവരെയാണ് ഈ പരിശീലനത്തിൽ പ്രതീക്ഷിക്കുന്നത്. പരിശീലനത്തിന് വരുന്നവർ നോട്ട്ബുക്ക്, പേന, ഹാജർ രജിസ്റ്റർ, റിപ്പോർട്ട് മുതലായവ കൊണ്ടുവരേണ്ടതാണ്.

Nov. 06 Pallippuram
Nov. 06 Cherthala
Nov. 06 Vaikom

**VII. സ്നേഹത്തിന്റെ സന്തോഷം *(Amoris Letitia)*: പഠന ശിബിരം.**

അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശാനുസരണം എല്ലാ ഫൊറോനകളിലും ഒരു അർദ്ധദിന ശില്പശാലയായിട്ടാണ് ഇത് വിഭാവനം ചെയ്യുന്നത്. ഫ്രാൻസിസ് പാപ്പാ എഴുതിയ 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പോസ്തോലിക പ്രബോധന രേഖയെക്കുറിച്ച് ഗൗരവമായി പഠിക്കുന്നതിനും അതുവഴി ഇടവകയ്ക്ക് നവോന്മേഷം പകരുന്ന ഉൾക്കാഴ്ചകൾ നേടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടത്തപ്പെടുന്ന ഈ പഠന ശിബിരത്തിൽ ഒരോ ഫൊറോനയിലേയും വൈദികർ, സന്ന്യാസിനികൾ, അല്മായനേതാക്കൾ പാരീഷ് കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, ഫാമിലി യൂണിറ്റ് ഭാരവാഹികൾ, മതാധ്യാപകർ, കുടുംബപ്രേഷിത പ്രവർത്തകർ, സംഘടനാ ഭാരവാഹികൾ എന്നിവരാണ് പങ്കെടുക്കേണ്ടത്. **പഠന ശിബിര തീയതികൾ** താഴെ കൊടുക്കുന്നു.

Nov. 26 Thripunithura
Dec. 03 Kizhakkambalam
Dec. 04 Mookkannoor

**VIII. 4-ാമത് ഗ്രെയ്സ് റിപ്പിൾസ് ദമ്പതി കോൺഫറൻസ്**

കാലിക പ്രാധാന്യമുള്ള, കുടുംബബന്ധിയായ ഒരു വിഷയത്തിൽ ശരിയായ ദിശാബോധം നല്കി അതനുസരിച്ച് ജീവിക്കുന്നതിന് പ്രചോദനം നല്കുന്നതിനായി നമ്മുടെ അതിരൂപതാ ഗ്രെയ്സ് റിപ്പിൾസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ **4-ാമത്** ദമ്പതി കോൺഫറൻസ് നടത്തുന്നു. 2016 ഡിസംബർ 17 ശനിയാഴ്ച രാവിലെ 08.30 മുതൽ ഉച്ചകഴിഞ്ഞ് 02.30 വരെ. വി. ലൂയി-സെലിൻ നഗറിൽ (ചിറ്റൂർ ധ്യാനകേന്ദ്രം). കോൺഫറൻസിൽ **"സ്നേഹത്താൽ ആത്മാവുണരുന്ന കുടുംബം ലോകത്തിന്റെ വിശുദ്ധീകരണത്തിന്"** എന്ന വിഷയത്തെ ആസ്പദമാക്കിയാണ് പ്രബന്ധം അവതരിപ്പിക്കുന്നത്.

ബഹു. വികാരിയച്ചനെയും, ആനിമേറ്റർ സിസ്റ്ററിനേയും, ഓരോ ഇടവകയിലെ ഗ്രെയ്സ് റിപ്പിൾസ് അംഗങ്ങളെയും, ഗ്രെയ്സ് റിപ്പിൾസ് കൂട്ടായ്മ ഇല്ലാത്ത ഇടവകയിൽ നിന്ന് വികാരിയച്ചൻ നിയോഗിക്കുന്ന ദമ്പതിയേയും ഈ കോൺഫറൻസിൽ പങ്കെടുക്കുവാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. 1500 ദമ്പതികളെയും, മുന്നൂറോളം സിസ്റ്റേഴ്സിനെയും, വൈദീകരേയുമാണ് ഈ കോൺഫ്രൻസിൽ പ്രതീക്ഷിക്കുന്നത്.

ഇതിന്റെ മുന്നോടിയായി അതിരൂപതയിൽ നിന്നും നല്കുന്ന പതാക ഗ്രെയ്സ് റിപ്പിൾസ് അംഗങ്ങളുടെ വീട്ടിൽ നവംബർ 27 സ്ഥാപിക്കുന്നതിനും, കുടുംബങ്ങളിൽ പ്രത്യേക പ്രാർത്ഥന നടത്തുന്നതിനും, അവരെ പ്രോത്സാഹിപ്പിക്കണമെന്ന് താല്പര്യപ്പെടുന്നു. കോൺഫറൻസിൽ പങ്കെടുക്കുന്നവരുടെ പേരുകൾ നവംബർ 15-ാം തീയതിക്കകം ഓഫീസിൽ ലഭിക്കേണ്ടതാണ്. വിശദമായ വിവരങ്ങൾ കത്ത് മുഖേന വികാരിയച്ചന്മാരെ അറിയിക്കുന്നതാണ്.

**ഫാ. അഗസ്റ്റിൻ കല്ലേലി**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## കൃതജ്ഞത, വിജയാശംസകൾ

സഹൃദയ ഫൊറോനാ ഡയറക്ടർമാരായി സേവനം ചെയ്ത ശേഷം സ്ഥലം മാറിപ്പോയ ബഹു. നിധീഷ് ഞാണയ്ക്കൽ അച്ചനും ബഹു. ഡെന്നി കാട്ടയിൽ അച്ചനും ആത്മാർത്ഥമായ നന്ദിയും പുതിയ പ്രവർത്തനമേഖലയിൽ വിജയാശംസകളും നേരുന്നു.

## ശ്രേഷ്ഠദിനാചരണം

ലോക വയോജനദിനം സഹൃദയയുടെ നേതൃത്വത്തിൽ ശ്രേഷ്ഠദിനമായി ആചരിച്ചു. പൊന്നുരുന്നിയിൽ സംഘടിപ്പിച്ച വയോജനസംഗമം സിനിമാതാരം കെ. ടി. എസ്. പടന്നയിൽ ഉദ്ഘാടനം ചെയ്തു. പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ ഫാ. മാത്യു വാണിശേരി അധ്യക്ഷത വഹിച്ചു. വയോജനങ്ങളുടെ കൂട്ടായ്മയായ സഹൃദയ സീനിയേഴ്സ് ഫോറത്തിനും നൈവേദ്യ ആയുർവേദ ആശുപത്രിയിൽ എല്ലാ ബുധനാഴ്ചകളിലും വയോജനങ്ങൾക്ക് സൗജന്യ കൺസൾട്ടേഷൻ നൽകുന്ന പദ്ധതിക്കും തുടക്കമായി.

## നേത്രദാന സന്ദേശവുമായി ബ്ലൈൻഡ് വാക്ക്

സഹൃദയ, കാത്തലിക്ക് ഹെൽത്ത് അസോസിയേഷൻ കേരള, പ്രോജക്റ്റ് വിഷൻ എന്നീ സംഘടനകളുടെ നേതൃത്വത്തിൽ ലോക കാഴ്ചദിനാചരണത്തിന്റെ ഭാഗമായി കൊച്ചിയിൽ ബ്ലൈൻഡ് വാക്ക് സംഘടിപ്പിച്ചു. അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ്, ഹൈബി ഈഡൻ എം.എൽ.എ, മേയർ സൗമിനി ജെയിൻ, കേരള ബ്ലൈൻഡ് ഫെഡറേഷൻ പ്രസിഡന്റ് കെ. ജെ. വർഗീസ്, മിസ് ഡെഫ് വേൾഡ് ജേതാവ് സോഫിയ എം. ജോൺ തുടങ്ങിയവർ നേതൃത്വം നൽകി.

## സഹൃദയ സ്പെരാൻസ

ഒട്ടേറെ നിർദ്ധന കുടുംബങ്ങളെ സ്വാശ്രയത്വത്തിന്റെ വഴികളിലേക്ക് നയിച്ച സേവ് എ ഫാമിലി പ്ലാൻ കുടുംബ സ്ഥിരസഹായ പദ്ധതി ഉൾപ്പടെയുള്ള വിദേശ സഹായ പദ്ധതികൾ നമ്മുടെ നാട്ടിൽ നിന്ന് പിൻവാങ്ങുന്നതിന്റെ വെളിച്ചത്തിൽ തദ്ദേശീയമായി വിഭവസമാഹരണം നടത്തി പാവങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ സമൂഹത്തിൽ സാമ്പത്തിക, സാമൂഹ്യ മേഖ

ലകളിൽ പിന്നോക്കം നിൽക്കുന്നവരെ പുരോഗതിയുടെ പടവുകളിലേക്ക് കൈപിടിച്ചു നടത്തുവാൻ സന്മസുള്ളവരെ ഏകോപിപ്പിക്കുന്നതിനും സംഭാവനകൾ സമാഹരിച്ച് സഹായപദ്ധതികൾ അർഹതപ്പെട്ടവർക്ക് അനുയോജ്യവും പ്രയോജനപ്രദവുമായ വിധത്തിൽ എത്തിച്ചുകൊടുക്കുന്നതിനും ലക്ഷ്യമിടുന്ന സഹൃദയ സ്പെരാൻസ കുടുംബ സഹായപദ്ധതിക്ക് സഹൃദയയുടെ സ്ഥാപന ദിനമായ ഒക്ടോബർ 11-ന് തുടക്കമായി. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

## മാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനം

സംസ്ഥാന ശുചിത്വ മിഷന്റെ നേതൃത്വത്തിൽ കൊച്ചിയിലെ ലെ മെറിഡിയൻ ഹോട്ടലിൽ സംഘടിപ്പിച്ച മാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനത്തിൽ സഹൃദയ പങ്കെടുത്തു. കേന്ദ്രമന്ത്രി വെങ്കയ്യ നായിഡു പ്രദർശനം വീക്ഷിച്ച് സംതൃപ്തി രേഖപ്പെടുത്തി.

## ആശാകിരണം കാൻസർ നിർണയ ക്യാമ്പ്

ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി എറണാകുളം ലിസി ആശുപത്രി, ചേർത്തല പ്രത്യാശ കാൻസർ സെന്റർ, നൈവേദ്യ ആയുർവേദ ആശുപത്രി എന്നിവയുടെ സഹകരണത്തോടെ ഞാറക്കൽ, മാടക്കൽ എന്നിവിടങ്ങളിൽ കാൻസർ ബോധവത്കരണ ക്ലാസും സൗജന്യ രോഗനിർണ്ണയ ക്യാമ്പും സംഘടിപ്പിച്ചു. കാൻസർ രോഗനിർണയ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ താത്പര്യമുള്ള ഇടവകകൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

## വെളിസ്ഥല വിസർജന വിമുക്ത പദ്ധതി

കേന്ദ്ര സർക്കാരിന്റെ സ്വച്ഛ്ഭാരത് പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാനം വെളിസ്ഥല വിസർജന വിമുക്ത മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിന്റെ ഭാഗമായി വൈക്കം ബ്ലോക്കിലെ വിവിധ പഞ്ചായത്തുകൾ, അരൂർ പഞ്ചായത്ത്, പട്ടണക്കാട് ബ്ലോക്ക് എന്നിവിടങ്ങളിലെ നിർദ്ധന കുടുംബങ്ങൾക്ക് കക്കൂസ് നിർമാണത്തിനുള്ള സഹായം നൽകി.

## പ്ലാസ്റ്റിക്ക് ഫ്രീ കാമ്പയിൻ

നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ടിലെ എം.ബി.എ. വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായുള്ള റൂറൽ ക്യാമ്പ് സഹൃദയയുടെ ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങളില്ലാത്ത നാടിനുള്ള ബോധവത്കരണ പരിപാടിയായി വൈക്കം മേ

ഖലയിൽ സംഘടിപ്പിക്കുന്നു. കുട്ടികൾക്കൊപ്പം അധ്യാപകർ, സാമൂഹ്യപ്രവർത്തകർ, ശുചിത്വമിഷൻ അധികൃതർ എന്നിവരും പങ്കെടുത്തു.

## സഹായ, വായ്പാ വിതരണ വിവരം സെപ്റ്റംബർ 2016

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ്** | | |
| സ്വയംതൊഴിൽ വായ്പ (206 സംഘങ്ങൾ) | 3,95,57,850.00 | |
| **സ്നേഹ ഫൗണ്ടേഷൻ** | | |
| കുടുംബ സഹായം | | 12,000.00 |
| ചികിത്സാ സഹായം | | 34,000.00 |
| കടാശ്വാസ സഹായം | | 5,000.00 |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായ പദ്ധതി (45) | | 6,35,442.00 |
| കർമ്മശ്രീ സ്വയംതൊഴിൽ സഹായം (19) | | 2,64,000.00 |
| സ്പെഷ്യൽ ഗിഫ്റ്റ് (15) | | 6,728.00 |
| **ഇൻഷുറൻസ് പദ്ധതികൾ** | | |
| ആശ്വാസ് മരണാനന്തര സഹായം (1) | | 1,000.00 |
| സാർവത്രിക ആരോഗ്യ ഇൻഷുറൻസ് ചികിത്സാ സഹായം (63) | | 4,13,475.00 |
| വിദ്യാർത്ഥി സുരക്ഷാ ഇൻഷുറൻസ് (10) | | 43,070.00 |
| സഹൃദയ കാരുണ്യ ഇൻഷുറൻസ് ചികിത്സാ സഹായം (555) | | 56,06,421.00 |
| **ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി** | | |
| കാൻസർ ചികിത്സാ സഹായം | | 95,000.00 |

# അതിരൂപതാ സഹായനിധി സെപ്റ്റംബർ 2016

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യഭ്യാസം |
|---|---|---|---|---|
| കൊരട്ടി | 5,000.00 | 9,000.00 | | |
| അങ്കമാലി | 5,000.00 | 9,000.00 | | |
| മഞ്ഞപ്ര | 10,000.00 | 5,000.00 | | |
| മൂഴിക്കുളം | | 3,000.00 | 3,000.00 | |
| കാഞ്ഞൂർ | 5,000.00 | 14,000.00 | | |
| വല്ലം | | 8,500.00 | | 3,000.00 |
| എറണാകുളം | | | | |
| കിഴക്കമ്പലം | | | | |
| ഇടപ്പള്ളി | | 2,500.00 | | |
| പറവൂർ | 10,000.00 | 4,000.00 | | |
| തൃപ്പൂണിത്തുറ | | 3,000.00 | | |
| വൈക്കം | 5,000.00 | 36,000.00 | 8,000.00 | 6,5000.00 |
| പള്ളിപ്പുറം | | 3,000.00 | 2,500.00 | 3,000.00 |
| ചേർത്തല | 5,000.00 | 10,000.00 | | |
| മുക്കന്നൂർ | | 2,500.00 | | |
| കറുകുറ്റി | | 11,500.00 | | |
| **ആകെ** | **45,000.00** | **1,23,500.00** | **18,500.00** | **12,500.00** |

**ഫാ. പോൾ ചെറുപിള്ളി**
**ഡയറക്ടർ**

# Naipunnya International

## നൈപുണ്യ ഇന്റർനാഷണൽ ഓവർസീസ് എഡ്യൂക്കേഷൻ

- കാനഡ, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവിടങ്ങളിലേക്കുള്ള ജനുവരി/ ഫെബ്രുവരി 2017-ൽ ആരംഭിക്കുന്ന കോഴ്സുകളിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

- നൈപുണ്യയുടെ എറണാകുളം, അങ്കമാലി സെന്ററുകളിൽ IELTS Regular (3 Months), Crash (1 Month) കോഴ്സുകളിലേക്ക് എല്ലാ തിങ്കളാഴ്ചയും പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.

## COMMUNICATIVE ENGLISH :-

- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന്റെ അടുത്ത ബാച്ച് നവംബർ 7-ന് ആരംഭിക്കുന്നു.

## C.B.F. (Catholic Business Forum)

- C.B.F.-ന്റെ ഇത്തവണത്തെ മീറ്റിംഗ് നവംബർ 30-ാം തീയതി കലൂർ റിന്യൂവൽ സെന്ററിൽ നടക്കുന്നതായിരിക്കും.

**കൂടുതൽ വിവരങ്ങൾക്ക്** ബന്ധപ്പെടുക: Phone: 0484-2381947/48/49

## നൈപുണ്യ അക്കാദമി, കലൂർ. PH: 9544919144, 9544918133

- സിവിൽ സർവ്വീസ്: റഗുലർ ബാച്ചിലേക്ക് അഡ്മിഷൻ തുടരുന്നു.
- Sunday Batch – നവംബർ 6-ന് ആരംഭിക്കുന്നു.
- Weekend Batch – ഡിസംബർ ആദ്യവാരം ആരംഭിക്കുന്നു.

- ബാങ്കിംഗ് - Regular & Sunday ബാച്ചിലേക്ക് അഡ്മിഷൻ തുടരുന്നു.
- **IELTS** – Afternoon & Evening Batch ലേക്ക് അഡ്മിഷൻ തുടരുന്നു
  (2 pm to 4 pm, 4 pm to 6 pm, 6 pm to 8 pm)

- **Foreign Languages** – Italian, German Language ക്ലാസ്സുകൾ നവംബർ 1–ന് ആരംഭിക്കുന്നു.

**നൈപുണ്യ അക്കാദമി, തൃക്കാക്കര. PH: 9544919133, 9947349966**

**UGC NET Coaching**

- നവംബർ 1–ാം തീയതി മുതൽ UGC Net പേപ്പർ 1–ന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു.

- **Bank Coaching:** Post Banking, IBPS PO/Clerical, LIC Officers ഇവയുടെ പുതിയ ബാച്ചുകൾ നവംബർ 1–ാം തീയതി മുതൽ ആരംഭിക്കുന്നു.

- **PSC Coaching:** നവംബർ 1–ാം തീയതി മുതൽ PSC LD Clerk ക്ലാസ്സുകൾ ആരംഭിക്കുന്നു.

**മറ്റ് പരിശീലനങ്ങൾ**

- IELTS
- Communicative English
- German & French Languages

**ഫാ. വർഗ്ഗീസ് പൊന്തേമ്പിള്ളി**
**ഡയറക്ടർ**

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**RENEWAL CENTRE, AZAD ROAD, KALOOR, KOCHI 682017.**
Ph. 0484- 2343940, 4047458, 2346963

## ആർട്സ് ഫെസ്റ്റ് - 2016

അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളെ കോർത്തിണക്കി 'ആർട്സ് ഫെസ്റ്റ് 2016' സെപ്റ്റംബർ 26, 27 (തിങ്കൾ, ചൊവ്വ) തീയതികളിൽ കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. സിനിമാതാരം ശ്രീ. സിജോയ് വർഗ്ഗീസ് ഉദ്ഘാടനം നിർവ്വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. അബ്രാഹം ഓലിയപ്പുറത്ത് അദ്ധ്യക്ഷത വഹിച്ചു. ഫാ. എബി ഇടശ്ശേരി സ്വാഗതവും ആർട്സ് ഫെസ്റ്റ് ജനറൽ കൺവീനർ സെന്റ മൈക്കിൾസ് ഹൈസ്ക്കൂൾ കാവിൽ അദ്ധ്യാപകൻ ശ്രീ. ബാബു സിറിയക്ക് നന്ദിയുംപറഞ്ഞു. മത്സരങ്ങളിൽ വിജയികളായവർക്കു സമ്മാനങ്ങൾ നൽകി ആദരിച്ചു.



### ആർട്സ് ഫെസ്റ്റിൽ ഓവറോൾ കിരീടത്തിനർഹരായവർ

*എൽ.പി. സെക്ഷൻ*

1-ാം സ്ഥാനം - സെന്റ് മേരീസ് എൽ.പി.എസ്. പള്ളിപ്പുറം.
2-ാം സ്ഥാനം - സെന്റ് ജോസഫ്സ് എൽ.പി.എസ്. തെക്കുംഭാഗം.
3-ാം സ്ഥാനം - ഹോളി ഫാമിലി എൽ.പി.എസ്. മുട്ടം.

*യു.പി. സെക്ഷൻ*

1-ാം സ്ഥാനം - കാർഡിനൽ എച്ച്.എസ്. തൃക്കാക്കര.
2-ാം സ്ഥാനം - ലിറ്റിൽ ഫ്ളവർ യു.പി.എസ്. സൗത്ത് പറവൂർ.
3-ാം സ്ഥാനം - സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്. എറണാകുളം.

*എച്ച്. എസ്. സെക്ഷൻ*

1-ാം സ്ഥാനം - സെന്റ് അലോഷ്യസ് എച്ച്.എസ്. നോർത്ത് പറവൂർ.
2-ാം സ്ഥാനം - കാർഡിനൽ എച്ച്.എസ്. തൃക്കാക്കര.
3-ാം സ്ഥാനം - സെന്റ് മൈക്കിൾസ് എച്ച്.എസ്. കാവിൽ.

*എച്ച്.എസ്.എസ്. സെക്ഷൻ*

1-ാം സ്ഥാനം - കാർഡിനൽ എച്ച്.എസ്. തൃക്കാക്കര.
2-ാം സ്ഥാനം - പി.എസ്.എച്ച്.എസ്. തിരുമുടിക്കുന്ന്.
3-ാം സ്ഥാനം - സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. മേലൂർ.

**സ്പോർട്സ് മീറ്റ് -2016**

അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളെ സംഘടിപ്പിച്ചുകൊണ്ട് 'സ്പോർട്സ് മീറ്റ് 2016' ഒക്ടോബർ 8-ാം (ശനി) തീയതി ആലുവ സെന്റ് മേരീസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ മുൻ ഇന്റർനാഷണൽ ഫുട്ബോളർ എം.എം. ജേക്കബ് ഉദ്ഘാടനം ചെയ്തു.

**വിവിധ വിഭാഗങ്ങളിൽ സമ്മാനർഹരായവർ**

*LP section*

1st – St. Mary's LPS, Pallippuram.
2nd – Cardinal LPS, Thrikkakara.

*UP Kiddies*

1st – St. Thomas HS, Ayroor.
2nd – St. Mary's UPS, W. Cheranalloor & St. Michael's HS, Kavil.

*Sub juniors*

1st – St. Joseph's HS, Meloor.
2nd – St. Michael's HS, Kavil.

*Junior & Senior*

1st – St. Joseph's HS, Meloor.
2nd – St. Mary's HS, Aluva.

*March Past (L.P. &U.P.)*

1st – Cardinal LPS, Thrikkakara.
2nd – St. Mary's LPS, Pallippuram.

March Past (H.S. & H.S.S.)

1st – St. Joseph's HSS, Meloor.
2nd – St. Thomas HS, Ayroor.

*Over all Championship*

1st – St. Joseph's HSS, Meloor
2nd – St. Mary's HS, Aluva

സ്പോർട്സ് മീറ്റിന്റെ ജനറൽ കൺവീനറായി പ്രവർത്തിച്ചത് മേലൂർ സെന്റ് ജോസഫ്സ് എച്ച്.എസ്.എസിലെ അദ്ധ്യാപകൻ ശ്രീ. വി. ഷാജി ആണ്.

## SCHOLA - 2016

പാഠ്യ വിഷയങ്ങൾ, ആനുകാലിക സംഭവങ്ങൾ, പൊതുവിജ്ഞാനം എന്നിവയെ ആസ്പദമാക്കി എൽ.പി., യു.പി., ഹൈസ്ക്കൂൾ, ഹയർസെക്കന്ററി സ്ക്കൂൾ വിഭാഗങ്ങളിലായി ഇന്റർ സ്ക്കൂൾ ക്വിസ് മത്സരം SCHOLA - 2016 അതിരൂപത തലത്തിൽ ഒക്ടോബർ 7-ാം തിയതി കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. വെ. റവ. മോൺ. സെബാസ്റ്റ്യൻ വടക്കുംപാടൻ സന്ദേശം നൽകി, മത്സരത്തിൽ വിജയികളായവർക്ക് ഉപഹാരങ്ങൾ കൊടുത്തു.

*എൽ. പി. സെക്ഷൻ*

1-ാം സ്ഥാനം - സെന്റ് ആന്റണീസ് എൽ.പി.എസ്. മറ്റൂർ.
2-ാം സ്ഥാനം - സെന്റ് മേരീസ് യു.പി.എസ്. കുമ്പളം.
3-ാം സ്ഥാനം - സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്. എറണാകുളം.
ക്വിസ് മാസ്റ്റർ - ശ്രീമതി ജീബ പൗലോസ്

*യു. പി. സെക്ഷൻ*

1-ാം സ്ഥാനം - കാർഡിനൽ എച്ച്.എസ്. തൃക്കാക്കര.
2-ാം സ്ഥാനം - ആർ.യു.പി.എസ്. മേലൂർ.
3-ാം സ്ഥാനം - സെന്റ് അലോഷ്യസ് നോർത്ത് പറവൂർ.
ക്വിസ് മാസ്റ്റർ - ശ്രീമതി മെർലിൻ സേവ്യർ

*എച്ച്. എസ്. സെക്ഷൻ*

1-ാം സ്ഥാനം - സെന്റ് മൈക്കിൾസ് എച്ച്.എസ്. മൈക്കിൾ.
2-ാം സ്ഥാനം - സെന്റ് മേരീസ് എച്ച്.എസ്. ചേർത്തല.
3-ാം സ്ഥാനം - സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. മേലൂർ.
ക്വിസ് മാസ്റ്റർ - ശ്രീമതി മീനാമ്മ

*എച്ച്. എസ്. എസ്. സെക്ഷൻ*

1-ാം സ്ഥാനം - കാർഡിനൽ എച്ച്.എസ്. തൃക്കാക്കര
2-ാം സ്ഥാനം - സെന്റ് ജോർജ്ജ് എച്ച്.എസ്. പുത്തൻപള്ളി.
3-ാം സ്ഥാനം - സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. മേലൂർ.
ക്വിസ് മാസ്റ്റർ - ശ്രീമതി ആൻസി ഐസക്

## FOCUS the future

അതിരൂപതാ വിദ്യാഭ്യാസ ഏജൻസിയിലെ സ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ***ഫോക്കസ് ദ ഫ്യൂച്ചർ – 2016*** (കരിയർ ഗൈഡൻസ് ക്ലാസ്സ് ) നവംബർ 19–ാം തിയതി 9.30 മുതൽ 1 മണിവരെ കലൂർ റിന്യൂവൽ സെന്റർ വച്ച് നടത്തുന്നു. ഡോ. പി. ആർ. വെങ്കിട്ട രാമൻ ആണ് ക്ലാസ്സ് നയിക്കുന്നത്. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കാണ് ഇത് ഒരുക്കിയിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസില്ല. നമ്മുടെ വിദ്യാർത്ഥികൾക്കായി ഒരുക്കുന്ന ഈ സംരംഭം വിജയിപ്പിക്കുവാൻ സഹകരിക്കുമല്ലോ.

**നവംബർ 19 – ഫോക്കസ് ദ ഫ്യൂച്ചർ**

**ഫാ. അബ്രാഹം ഓലിയപ്പുറത്ത്**
**കോർപ്പറേറ്റ് മാനേജർ**

---

# കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡ്

**RENEWAL CENTRE, AZAD ROAD, KALOOR, KOCHI 682017.**
Ph. 0484- 2343940, 4047458

## അങ്കമാലി മേഖല

കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ അങ്കമാലി മേഖലാ സമ്മേളനം ഒക്ടോബർ 1–ാം തീയതി (ശനി) കരയാംപറമ്പ് സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ നടന്നു. മേഖലാ പ്രസിഡന്റ് ശ്രീമതി. പി.ഡി. ആലീസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം കറുകുറ്റി പഞ്ചായത്തംഗം ശ്രീ. ഷാജു തെക്കേക്കര ഉദ്ഘാടനം ചെയ്തു. വികാരി ഫാ. കുര്യൻ കട്ടക്കയം, ഫാ. വർഗ്ഗീസ് ആലുക്കൽ, ഗിൽഡ് അതിരൂപതാ പ്രസിഡന്റ് ശ്രീ. എസ്.ഡി. ജോസ്, സെക്രട്ടറി ശ്രീ. പോൾ ജെയിംസ് എന്നിവർ പ്രസംഗിച്ചു. തൃക്കാക്കര കാർഡിനൽ ഹൈസ്ക്കൂൾ അദ്ധ്യാപിക ശ്രീമതി ജീബ പൗലോസ് അദ്ധ്യാപികമാർക്കായി ജനറൽ ക്വിസ് മത്സരം നടത്തി. അതിരൂപതാ ഡയറക്ടർ റവ.ഡോ. അബ്രാഹം ഓലിയപ്പുറത്ത് സമ്മാനദാനം നിർവ്വഹിച്ചു. വി. കുർബാനയോടെ സമ്മേളനം അവസാനിച്ചു.

ഫാ. അബ്രാഹം ഓലിയപ്പുറത്ത്
ഡയറക്ടർ

# സമന്വയ കൗൺസിലിംഗ് സെന്റർ

E-mail: samanuyacounselling@yahoo.in

**SMART - 2016**

സമന്വയ കൗൺസലിംഗ് സെന്ററിൽ നവംബർ 26-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 3.00 വരെ 10-ാം ക്ലാസ്സിലും +2 വിലും പഠിക്കുന്ന കുട്ടികൾക്കായിട്ട് സ്മാർട്ട് ക്ലാസ്സ് നടത്തപ്പെടുന്നു. എയ്ഡഡ്, അൺ എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പേര് നവംബർ 20-ന് മുൻപായി സമന്വയ ആഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫീസ് 100 രൂപ ബന്ധപ്പെടേണ്ട നമ്പർ. 9847401655.

**നവംബർ 26 - SMART**

ഫാ. അബ്രാഹം ഓലിയപ്പുറത്ത്
ഡയറക്ടർ

# അതിരൂപതാ കെ.സി.വൈ.എം.

## I കരുണയുടെ പുത്തനുടുപ്പ്

മദർ തെരേസയുടെ വി. പ്രഖ്യാപനത്തോടനുബന്ധിച്ചും കാരുണ്യ വർഷം പ്രമാണിച്ചും K.C.Y.M. അതിരൂപതാ സമിതി വിഭാവനം ചെയ്ത കരുണയുടെ പുത്തനുടുപ്പ് വിജയിപ്പിക്കാൻ പരിശ്രമിച്ച എല്ലാ ഇടവകകൾക്കും ഫൊറോനകൾക്കും നേതൃത്വം നൽകിയ ഭാരവാഹികൾക്കും പ്രവർത്തർക്കും വൈദികർക്കും സിസ്റ്റേഴ്സിനും പ്രത്യേകം നന്ദി. ഇനിയും ഏതെങ്കിലും ഇടവകകളിൽ കരുണയുടെ പുത്തനുടുപ്പ് നടത്തുവാനുണ്ടെങ്കിൽ ഡിസംബർ 25-ന് മുൻപായി സംഘടിപ്പിക്കണമെന്ന് ഓർമിപ്പിക്കുന്നു.

## II ABIDE യുവജനധ്യാനം

ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ ഒക്ടോബർ 7 മുതൽ 12 വരെ നടന്ന യുവജന ധ്യാനത്തിൽ പങ്കെടുത്ത എല്ലാ K.C.Y.M. പ്രവർത്തർക്കും യുവജനങ്ങളെ പങ്കെടുപ്പിക്കാൻ നേതൃത്വം നൽകിയ വൈദികർക്കും സിസ്റ്റേഴ്സിനും K.C.Y.M. ഭാരവാഹികൾക്കും K.C.Y.M. അതിരൂപതാ സമിതിയുടെ പ്രത്യേകം നന്ദി.

## III YOUTH INSPIRE

### "ഫൊറോന തലത്തിൽ നേതൃത്വപരിശീലന സെമിനാറും K.C.Y.M. പഠന ശിബിരവും ഫൊറോന തിരഞ്ഞെടുപ്പും"

അതിരൂപത, ഫൊറോന, ഇടവക K.C.Y.M. കൂട്ടായ്മകൾ തമ്മിൽ സൗഹൃദവും, പരസ്പര ധാരണയും വളർത്തിയെടുക്കാനും K.C.Y.M. പ്രസ്ഥാനത്തിന്റെ പ്രാധാന്യവും പ്രവർത്തന ശൈലിയും പ്രവർത്തന മേഖലകളും ചരിത്രവും പ്രവർത്തകരിൽ എത്തിച്ച് നേതൃത്വ പരിശീലനത്തിലൂടെ നല്ല നേതൃനിരയെ വളർത്തിയെടുക്കുവാനും ഫൊറോന സമിതിയുടെ തിരഞ്ഞെടുപ്പിനും വേണ്ടി K.C.Y.M. അതിരൂപതാ സമിതി സംഘടിപ്പിക്കുന്ന പരിപാടിയായ "YOUTH INSPIRE" ഒക്ടോബർ 30-ന് കറുകുറ്റിയിൽ ആരംഭിക്കും Youth Inspire നടക്കുന്ന ഫൊറോനകളുടെ വിശദമായ വിവരങ്ങൾ താഴെ കൊടുക്കുന്നു. തെരഞ്ഞെടുപ്പ് ആവശ്യമായ ഇടവകകളിൽ തെരഞ്ഞെടുപ്പ് നടത്തി ഫൊറോനാ തെരഞ്ഞെടുപ്പിനു മുൻപ് യൂണിറ്റുകൾ അഫിലിയേറ്റ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## YOUTH INSPIRE

| | | | |
|---|---|---|---|
| 1. | ഒക്ടോബർ 30 | - | കറുകുറ്റി ഫൊറോന |
| | സമയം | - | 9.00 am - 2.00 pm |
| | സ്ഥലം | - | സെന്റ് സേവ്യർ ഫോറോന ചർച്ച്, കറുകുറ്റി |
| | വിശിഷ്ടാതിഥി | - | മാർ ജോസ് പുത്തൻവീട്ടിൽ |
| 2. | നവംബർ 13 | - | മൂക്കന്നൂർ ഫൊറോന |
| | സമയം | - | 9.00 am - 2.00 pm |
| | സ്ഥലം | - | സെന്റ് ജോസഫ് ചർച്ച്, കോക്കുന്ന് |
| | വിശിഷ്ടാതിഥി | - | മാർ ജോസ് പുത്തൻവീട്ടിൽ |
| 3. | നവംബർ 13 | - | കൊരട്ടി ഫൊറോന |
| | സമയം | - | 2.00 pm - 6.00 pm |
| | സ്ഥലം | - | സെന്റ് ജോസഫ് ചർച്ച്, സാൻജോ നഗർ |
| | വിശിഷ്ടാതിഥി | - | മാർ ജോസ് പുത്തൻവീട്ടിൽ |
| 4. | നവംബർ 20 | - | തൃപ്പൂണിത്തുറ ഫൊറോന |
| | സമയം | - | 9.00 am - 2.00 pm |
| | സ്ഥലം | - | സെ. ജോൺ ബാപ്റ്റിസ്റ്റ് ചർച്ച്, S. പറവൂർ |
| | വിശിഷ്ടാതിഥി | - | മാർ ജോസ് പുത്തൻവീട്ടിൽ |

5. ഡിസംബർ 4 - മഞ്ഞപ്ര ഫൊറോന
സമയം - 9.00 am - 2.00 pm
സ്ഥലം - ഹോളി ക്രോസ്സ് ഫെറോന ചർച്ച്, മഞ്ഞപ്ര
വിശിഷ്ടാതിഥി - മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

6. ഡിസംബർ 4 - കാഞ്ഞൂർ ഫൊറോന
സമയം - 2.00 pm - 6.00 pm
സ്ഥലം - സെന്റ് ആന്റണീസ് ചർച്ച്, മറ്റൂർ
വിശിഷ്ടാതിഥി - മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

**ഫൊറോന തെരഞ്ഞെടുപ്പ്**

1. നവംബർ 6 - എറണാകുളം ബസിലിക്ക ഫൊറോന
2. നവംബർ 13 - മൂഴിക്കുളം ഫൊറോന
3. നവംബർ 13 - പള്ളിപ്പുറം ഫൊറോന
4. നവംബർ 20 - പറവൂർ ഫൊറോന
5. നവംബർ 27 - വല്ലം ഫൊറോന

## IV അതിരൂപതാ വാർഷിക ജനറൽ കൗൺസിലും നേതൃസംഗമവും

K.C.Y.M. അതിരൂപതാ സമിതിയുടെ വാർഷിക ജനറൽ കൗൺസിലും 2017 - 2018 കാലയളവിലേക്കുള്ള തെരഞ്ഞെടുപ്പും 2016 ഡിസംബർ 9, 10, 11 (വെള്ളി, ശനി, ഞായർ) തീയതികളിൽ കലൂർ റിന്യൂവൽ സെന്ററിൽ നടക്കും. അഫിലിയേഷൻ പുതുക്കാത്ത യൂണിറ്റുകൾ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കണമെന്നും ജനറൽ കൗൺസിൽ അംഗങ്ങൾ (അതിരൂപതാ ഭാരവാഹികൾ, ഫൊറോന പ്രസിഡന്റുമാർ, യൂണിറ്റ് യൂത്ത് കൗൺസിലേഴ്സ്) യോഗത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വിശദവിവരങ്ങൾ ജനറൽ കൗൺസിൽ സർക്കുലറിൽ കൊടുക്കുന്നതാണ്.

11-ാം തീയതി ഞായറാഴ്ച 2.00 pm - 4.00 pm നടക്കുന്ന നേതൃസംഗമത്തിൽ K.C.Y.M. ന്റെ എല്ലാ ഇടവക ഭാരവാഹികളും ഫൊറോനാ ഭാരവാഹികളും, അതിരൂപതാ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പറഞ്ഞയക്കാൻ വികാരിയച്ചന്മാരും ഫൊറോന ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

**ഫാ. ബൈജു വടക്കുംചേരി**
**ഡയറക്ടർ (9846763939)**

# അതിരൂപത കെ.സി.എസ്.എൽ.
## വാർഷികവും കലാമത്സരങ്ങളും
**2016 ഡിസംബർ 3, ശനി 9.00, പയസ് ഹൈസ്ക്കൂൾ, ഇടപ്പള്ളി.**

കെ.സി.എസ്.എൽ. എറണാകുളം-അങ്കമാലി അതിരൂപതാ വാർഷികവും കലാമത്സരങ്ങളും 2016 ഡിസംബർ 3-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണിക്ക് ഇടപ്പള്ളി പയസ് ഹൈസ്ക്കൂളിൽ നടത്തപ്പെടുന്നു. മേഖലാ തലത്തിൽ മത്സരം നടത്തി വിജയികളെയാണ് അതിരൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്. 8 വേദികളിലായി നടത്തപ്പെടുന്ന മത്സരങ്ങളുടെ നിബന്ധനകൾ താഴെ കൊടുക്കുന്നു.

## മത്സരങ്ങളുടെ ക്രമനമ്പരും മത്സരങ്ങളും

### വ്യക്തിഗത ഇനങ്ങൾ

| | | | |
|---|---|---|---|
| 1. | പ്രസംഗം (ഇംഗ്ലീഷ്) | 5 മിനിറ്റ് | UP, HS, HSS |
| 2. | ലളിതഗാനം (ആൺകുട്ടികൾ) | 5 മിനിറ്റ് | UP, HS, HSS |
| 3. | ലളിതഗാനം (പെൺകുട്ടികൾ) | 5 മിനിറ്റ് | UP, HS, HSS |
| 4. | മോണോ ആക്ട് | 5 മിനിറ്റ് | UP, HS, HSS |
| 5. | കഥാപ്രസംഗം | 10 മിനിറ്റ് | UP, HS, HSS |
| 6. | പാനവായന | 5 മിനിറ്റ് | UP, HS, HSS |
| 7. | ഫാ. വില്യം പ്രസംഗം | 5 മിനിറ്റ് | UP മാത്രം |
| 8. | ചാവറ പ്രസംഗം | 5 മിനിറ്റ് | HS മാത്രം |
| 9. | ഫാ. മാത്യു കദളിക്കാട്ടിൽ പ്രസംഗം | 5 മിനിറ്റ് | HSS മാത്രം |
| 10. | സിംഗിൾ ഡാൻസ് (നാടോടി) | 7 മിനിറ്റ് | UP, HS, HSS |

### സംഘാത ഇനങ്ങൾ

| | | | |
|---|---|---|---|
| 11. | മാർഗ്ഗം കളി - 7 പേർ | 10 മിനിറ്റ് | UP, HS, HSS |
| 12. | പരിചമുട്ടുകളി - 8 പേർ | 10 മിനിറ്റ് | UP, HS, HSS |
| 13. | ചവിട്ടുനാടകം - 10 പേർ | 20 മിനിറ്റ് | UP, HS, HSS |
| 14. | സ്റ്റഡി സർക്കിൾ - 7 പേർ | 15 മിനിറ്റ് | UP, HS, HSS |
| 15. | കെ.സി.എസ്.എൽ. ഗാനം - 7 പേർ | 64 സെക്കന്റ് | UP, HS, HSS |

- മേഖലാതലത്തിൽ മത്സരങ്ങൾ നടത്തി വ്യക്തിഗത ഇനങ്ങളിൽ (കഥാപ്രസംഗം ഒഴികെ) ഒന്നും രണ്ടും സ്ഥാനക്കാരേയും സംഘാത ഇനങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ച ഒരു ടീമിനേയും അതിരൂപതാ മത്സരങ്ങളിൽ പങ്കെടുപ്പിക്കാവുന്നതാണ്.

- കഥാപ്രസംഗത്തിൽ ഒന്നാം സ്ഥാനം ലഭിച്ച കുട്ടിയെ മാത്രമേ പങ്കെടുപ്പിക്കാവൂ.
- കലാമത്സര ഇനത്തിൽ ഒരു കുട്ടിക്ക് പരമാവധി രണ്ടു വ്യക്തിഗത ഇനങ്ങളിലും രണ്ടു ഗ്രൂപ്പിനങ്ങളിലും മാത്രം പങ്കെടുക്കാവുന്നതാണ്.
- ലളിതഗാന മത്സരത്തിനു മാത്രം ആൺ, പെൺ തിരിച്ച് മത്സരമുണ്ടായിരിക്കുന്നതാണ്.
- Entry Form പൂരിപ്പിക്കുമ്പോൾ Chest No. കോളം പൂരിപ്പിക്കരുത്.
- പങ്കെടുക്കുന്ന കുട്ടികളുടെയും, സ്കൂളിന്റെയും പേരുകൾ ഇംഗ്ലീഷിൽ CAPITAL LETTERS-ൽ പൂരിപ്പിക്കേണ്ടതാണ്.
- ഒരു മത്സരാർത്ഥി ഒന്നിലധികം മത്സരങ്ങളിൽ പങ്കെടുക്കുന്നുവെങ്കിൽ ഒരു പ്രാവശ്യം മാത്രം പേരെഴുതി പേരിനു നേരെ ആ മത്സരാർത്ഥി പങ്കെടുക്കുന്ന മത്സരങ്ങളുടെ ക്രമനമ്പരുകൾ എഴുതേണ്ടതാണ്.
- Entry Form പൂരിപ്പിച്ച് (UP, HS, HSS -നു വേറെ ഫോമുകൾ) നവംബർ 5-ന് മുൻപ് റിന്യൂവൽ സെന്റർ ഓഫിസിൽ ഏല്പിക്കേണ്ടതാണ്.
- അതിരൂപതാ കലാമത്സരങ്ങൾ ഡിസംബർ 3-ാം തീയതി ശനിയാഴ്ച ഇടപ്പള്ളി പയസ് ഹൈസ്കൂളിൽ നടത്തപ്പെടുന്നു.

## മത്സര വിഷയങ്ങൾ

### പ്രസംഗം - മലയാളം

ഫാ. വില്യം പ്രസംഗം UP

നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ.

ചാവറ പ്രസംഗം HS

ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ വന്നിരിക്കുന്നത് നിതിമാന്മാരെ വിളിക്കാനല്ല, പാപികളെ വിളിക്കാനാണ്.

ഫാ. മാത്യു കദളിക്കാട്ടിൽ പ്രസംഗം HSS

കരുണയും വിശ്വസ്തതയും നിന്നെ പിരിയാതിരിക്കട്ടെ. അവയെ കഴുത്തിൽ ധരിക്കുക.

### പ്രസംഗം - ഇംഗ്ലീഷ്

UP - Jesus is the face of Father's Mercy

HS - Mercy is the heart of Gospel

HSS - Mercy demands justice

## സ്റ്റഡി സർക്കിൾ

UP - കരുണയുള്ള ഒരു മനുഷ്യനാവുക, ഇതാണ് ക്രൈസ്തവസാക്ഷ്യം

HS - അനേകരുടെ ജീവിത വിളക്കുകളിൽ ഒഴിക്കാനുള്ള കരുണയാകണം ജീവിത സമ്പത്ത്

HSS - അപരന്റെ ദുഃഖങ്ങൾ നമ്മുടേതാക്കി മാറ്റുന്ന ഒരു മനസ്സുമായി നമുക്ക് ഉണരാം

മത്സര നിബന്ധനകൾക്ക് പ്രവർത്തന രൂപരേഖ പേജ് 22, 23, 24 കാണുക.

**ഫാ. ബൈജു വടക്കുംചേരി**
**ഡയറക്ടർ (9846763939)**

# അതിരൂപതാ ഡയറി

**സെപ്റ്റംബർ 2016**

28 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ കാഞ്ഞിരപ്പിള്ളി ചെങ്ങളം സെന്റ് ആന്റണീസ് ദേവാലയം തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. വൈകുന്നേരം കറുകുറ്റി ഫൊറോനാ ഡി.എഫ്.സി. മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ നടന്ന റിലീജിയസ് ഡീക്കന്മാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

29 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ റിന്യൂവൽ സെന്ററിൽ നടന്ന അതിരൂപതാ തിയോളജിയൻസ് ഫോറം മീറ്റിംഗിൽ പങ്കെടത്തു. ഉച്ചകഴിഞ്ഞ് അങ്കമാലി ബസിലിക്കയിൽ റവ. ഫാ. തോമസ് മൂലൻ CM-ന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ആശംസകൾ നേർന്നു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് റിന്യൂവൽ സെന്ററിൽ നടന്ന സിറ്റി ഇവാഞ്ചലൈസേഷന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം എറണാകുളം ബസിലിക്കയിലെ തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റ് നടത്തി.

ജോസ് പുത്തൻവീട്ടിൽ പിതാവ് റിന്യൂവനൽ സെന്ററിൽ നടന്ന അതിരൂപതാ തിയോളജിയൻസ് ഫോറം മീറ്റിംഗിൽ പങ്കെടത്തു. വൈകുന്നേരം എളംകുളം പള്ളിയിൽ ആരാധനയുടെ സമാപന സന്ദേശം നൽകി. തിരുനാൾ കൊടിയേറ്റ് നടത്തി.

30 ജോർജ് ആലഞ്ചേരി പിതാവ് രാത്രിയിൽ, എത്യോപ്യൻ കത്തോലിക്കാ സഭയുടെ തലവനും ആഡീസ് അബാബയിലെ മെത്രാപ്പോലീത്തയു

മായ കർദ്ദനാൾ ബ്രഹാനെയേസൂസ് ഡെമറോ സുറാഫിയേൽ CM-ന് അരമനയിൽ സ്വീകരണം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ പാറപ്പുറം ഐശ്വര്യഗ്രാമിൽ നടന്ന സേവ് എ ഫാമിലി - മീറ്റിംഗിലും ഉച്ചകഴിഞ്ഞ് പൊന്നുരുന്നി വെൽഫെയർ സെന്ററിന്റെ ആനുവൽ ജനറൽ ബോഡി മീറ്റിംഗിലും പങ്കെടുത്തു.

**ഒക്ടോബർ 2016**

1–3 ജോർജ് ആലഞ്ചേരി പിതാവ് കൽക്കട്ടയിൽ നടന്ന മദർ തെരേസയുടെ വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ ദേശീയ ആഘോഷത്തിൽ പങ്കെടുത്തു.

1 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ തൃക്കാക്കര ലെവുക്കാ കോൺവെന്റിൽ വി. കുർബാന അർപ്പിക്കുകയും ആരാധനയുടെ സമാപന സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ 'ഹോസ്പിറ്റൽ ഡേ' ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകുന്നേരം തൃക്കാക്കര സി.എസ്.റ്റി. ജനറലേറ്റിൽ വി. കുർബാന അർപ്പിച്ച് നാമഹേതുക തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ ചുണങ്ങംവേലി എസ്.ഡി. സിസ്റ്റേഴ്സിന്റെ പ്രഥമവ്രതവാഗ്ദാന കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് വല്ലം, കാഞ്ഞൂർ ഫൊറോനകളിൽ നടന്ന വിവാഹോത്സവ് ഉദ്ഘാടനം ചെയ്തു.

2 ജോസ് പുത്തൻവീട്ടിൽ പിതാവ് സെബിപുരം ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

3 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും എറണാകുളം ബസിലിക്കയിൽ നടന്ന മഹാജൂബിലി ട്രസ്റ്റിന്റെ യോഗത്തിൽ പങ്കെടുത്തു.

4 പിതാക്കന്മാർ മൂന്ന് പേരും അരമനയിൽ നടന്ന പ്രെസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൈകുന്നേരം റിന്യൂവൽ സെന്ററിൽ ഫാമിലി അപ്പസ്റ്റലേറ്റിൽ ക്ലാസ്സ് എടുത്തു.

5 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ കോന്തുരുത്തി പള്ളിയിൽ ദൈവദാസൻ വർഗ്ഗീസ് പയ്യപ്പിള്ളി അച്ചന്റെ ചരമവാർഷിക ദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. വൈകുന്നേരം പള്ളിപ്പുറം ഫൊറോന ഡി.എഫ്.സി. മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ മലയാറ്റൂർ ക്ലോയിസ്റ്റേഡ് കോൺവെന്റിൽ വി. കുർബാന അർപ്പിക്കുകയും ജനറൽ ചാപ്റ്ററിൽ പങ്കെടുക്കുയും ചെയ്തു. പിറവം സെന്റ് മൈക്കിൾ പബ്ലിക് സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി. വൈകുന്നേരം മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് നിവേദിതയിൽ ഫോർമേഷൻ ചെയ്യുന്ന അർത്ഥിനികൾക്ക് ക്ലാസ്സ് എടുത്തു.

6 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈകുന്നേരം പൊതി ഇടവകയിലെ പിയാത്ത ഭവനിൽ വി. കുർബാന അർപ്പിക്കുകയും അന്തേവാസികളെ സന്ദർശിക്കുകയും ചെയ്തു.

7–11 ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർ സഭയുടെ ഇംഗ്ലണ്ടിലെ പുതിയ രൂപതയായ ഗ്രേറ്റ് ബ്രിട്ടൻ പ്രസ്റ്റൺ രൂപതയുടെ ആദ്യ മെത്രാനായ മോൺ. ജോസഫ് സ്രാമ്പിക്കലിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും നടത്തി.

7 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ചേർത്തല നൈപുണ്യയിൽ നടന്ന മാർ വർക്കി വിതയത്തിൽ ലക്ചറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈകുന്നേരം ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ എബൈഡ് ധ്യാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കാരുണ്യവർഷത്തോടനുബന്ധിച്ച് പുക്കാട്ടുപടിയിലെ സ്നേഹസദൻ വൃദ്ധമന്ദിരം സന്ദർശിച്ചു.

8 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും റിന്യൂവൽ സെന്ററിൽ നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് പുതിയകാവിൽ മതബോധന ഫൊറോനാ കൺവെൻഷന്റെ സമാപന സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് പഴങ്ങനാട്, കളമശ്ശേരി ഇടവകകളിൽ നടന്ന വിവാഹോത്സവ് ഉദ്ഘാടനം ചെയ്തു.

9 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈകുന്നേരം നെട്ടൂർ പള്ളിയിൽ വി. കുർബാന അർപ്പിച്ച് കൊന്ത നമസ്കാരത്തിന്റെ സമാപനസന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് എറണാകുളം ടൗൺ ഹാളിൽ നടന്ന ടോപ്സ് മീറ്റ് പ്രോഗ്രാമിന്റെ ഉദ്ഘാടനം നടത്തി.

10 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ കപ്രശ്ശേരി ഇടവകയിൽ ഡീക്കൻ അരുൺ വടക്കുഞ്ചേരിക്ക് (സ്റ്റിഗ്മാറ്റൈൻ) വൈദികപട്ടം

നൽകി. വിമലഗിരി പള്ളിയിൽ വി. കുർബാന അർപ്പിച്ച് കൊന്ത നമസ്കാരത്തിന്റെ സമാപനസന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് റിന്യൂവൽ സെന്ററിൽ നടന്ന പ്രതിഭ വികാസിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകി. വൈകുന്നേരം സുബോധനയിൽ ബ. വർഗ്ഗീസ് കട്ടയ്ക്കകത്തൂട്ട് അച്ചന്റെ പൗരോഹിത്യ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

11 ജോർജ് ആലഞ്ചേരി പിതാവ് ഉച്ചകഴിഞ്ഞ് മൗണ്ട് സെന്റ് തോമസിൽ നടന്ന ഡി.എഫ്.സി. സംസ്ഥാന കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ഇടപ്പള്ളിയിൽ നടന്ന പേഗൺ ഫെസ്റ്റിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പി.ഒ.സി. യിൽ നടന്ന വനിതാ കമ്മീഷന്റെ മീറ്റിംഗിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പൊന്നുരുന്നി സോഷ്യൽ സർവ്വീസ് സെന്ററിന്റെ കീഴിൽ ആരംഭിച്ച ഹാപ്പി ഹോമിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ഐശ്വര്യഗ്രാമിൽ നടന്ന *സേവ് എ ഫാമിലി പ്ലാൻ* -ന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് പറവൂർ ഫൊറോനയിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ സന്ദേശം നൽകി. വൈകുന്നേരം റിന്യൂവൽ സെന്ററിൽ ഫാമിലി അപ്പസ്റ്റലേറ്റിൽ ക്ലാസ്സ് എടുത്തു.

12 ജോർജ് ആലഞ്ചേരി പിതാവ് ലെവുക്ക സന്ന്യാസിനീ സഭയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് തൃക്കാക്കര ലെവുക്ക മഠത്തിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് നിവേദിതയിൽ പഠനം നടത്തുന്ന വിവിധ സന്ന്യാസിനീ സഭകളിലെ പോസ്റ്റുലൻസുമാരുമായി സംസാരിച്ചു. വൈകുന്നേരം ചേർത്തല ഫൊറോന ഡി.എഫ്.സി. മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ നടന്ന മരിയൻ കൺവെൻഷനിൽ സന്ദേശം നൽകി.

13 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് എറണാകുളം ഡർബാർ ഹാളിൽ നടന്ന CHAI-യുടെ മീറ്റിംഗിൽ പങ്കെടുത്തു.

14-20 ജോർജ് ആലഞ്ചേരി പിതാവ് ഫരീദാബാദ് രൂപതയിൽ അജപാലന സന്ദർശനം നടത്തി.

14 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഐശ്വര്യഗ്രാമിൽ നടന്ന *സേവ് എ ഫാമിലി പ്ലാൻ*-ന്റെ മീറ്റിംഗിൽ പങ്കെടുത്തു. ദേവഗിരി പള്ളിയിൽ പോപ്പുലർ മിഷന്റെ സമാപന സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഐമുറി പള്ളിയിൽ പോപ്പുലർ മിഷന്റെ സമാപന സന്ദേശം നൽകി.

15 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കോട്ടയ്ക്കാവ്, പെരുമാനൂർ എന്നീ ഇടവകകളിൽ നടന്ന വിവാഹോത്സവ് ഉദ്ഘാടനം ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഇരിങ്ങാലക്കുട രൂപതയിലെ ആളൂർ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

16 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ സുബോധനയിൽ നടന്ന മതബോധന ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ച് സന്ദേശം നൽകി.

16-29 ജോസ് പുത്തൻവീട്ടിൽ പിതാവ് ഛാന്ദാ രൂപതയിൽ മിഷൻ സന്ദർശനം നടത്തി.

17 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ സൗത്ത് വാഴക്കുളത്തുള്ള ആവിലാലയത്തിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഐശ്വര്യഗ്രാമിൽ നടന്ന ഫാമിലി ഡവലപ്മെന്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

18-19 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് തലശ്ശേരി-കുന്നോത്ത് സെമിനാരി സന്ദർശിക്കുകയും എറണാകുളം-അങ്കമാലി അതിരൂപതാ ബ്രദേഴ്സിനെ കാണുകയും ചെയ്തു.

20 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈകുന്നേരം ലിസ്സി ആശുപത്രിയുടെ വജ്രജൂബിലിയുടെ ഭാഗമായി നടന്ന ഡയറക്ടർമാരുടേയും, ഡോക്ടേഴ്സിന്റേയും മീറ്റിംഗിൽ പങ്കെടുത്തു.

21 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ വൈക്കം, ഉദയംപേരൂർ പള്ളികളിൽ നടന്ന വിവാഹോത്സവ് ഉദ്ഘാടനം ചെയ്തു.

22 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വസമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് എറണാകുളം ടൗൺ ഹാളിൽ നടന്ന ലിസി ആശുപത്രിയുടെ വജ്രജൂബിലി സമാപന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് എറണാകുളം ടൗൺ ഹാളിൽ നടന്ന ലിസ്സി ആശുപത്രിയുടെ വജ്ര ജൂബിലി മീറ്റിംഗിൽ പങ്കെടുത്തു.

23 ജോർജ് ആലഞ്ചേരി പിതാവ് പുത്തൻപള്ളി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ പാണാവള്ളി പള്ളിയിൽ വി. കുർബാന അർപ്പിച്ച് പുതിയ പാരിഷ് ഹാളിന്റെ ശിലാസ്ഥാപന കർമ്മം നടത്തി. വൈകുന്നേരം ആരക്കുന്നം പള്ളിയുടെ ഇടവക പ്രഖ്യാപനം നടത്തുകയും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

* * * * *



ക്രിസ്തുവിന്റെ രാജത്വ തിരുനാൾ

മംഗളങ്ങൾ!

Registered No. KL/EKM/748/2016-18

RNI No. 3421/57
Date of Publication: 01.11.2016

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM



"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ
വിശ്വസിക്കുകയും ചെയ്യുന്നവനു
നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല.
പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു
കടന്നിരിക്കുന്നു". (യോഹ. 5:24)

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682031.
Editor: Rev. Fr. Jose Pollayil